# താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ



വാല്യം 28 ജൂലൈ 2026 ലക്കം 7 Price: 20

# BISHOP'S PROGRAMME

## July 2026

| | | |
|---|---|---|
| 1-2 | | Engaged |
| 3 | 09.00 | Mariyapuram |
| | 15.00 | Pandalloor |
| 4 | 06.30 | Vettilappara |
| | 10.00 | Bathery |
| | 18.00 | Tirur |
| 5 | | Kuppayakkode |
| 5-9 | | Pullurampara |
| 8 | 07.00 | Vettilappara |
| 10 | 06.30 | PMOC |
| 11 | | Office Day |
| | 18.00 | Manjakkadavu |
| 12 | | Peruvannamuzhi |
| 13 | 11.00 | Kannoth |
| | 18.00 | Kuttippuram |
| 14 | 10.30 | Thamarassery |
| | 19.30 | Thamarassery |
| 15 | | Office Day |
| | 18.00 | Koorachundu |
| 16 | 06.15 | Thamarassery |
| | 10.30 | Pullurampara |
| | 18.00 | Muthukadu |
| 17 | 10.00 | Thamarassery |
| | 14.30 | Thiruvambady |
| 18 | | Engaged |
| 19 | | Chevayur |
| 20 | 11.30 | Thamarassery |
| | 15.00 | START |
| | 18.00 | Theyyappara |
| 21 | | Bharananganam |
| 22 | 18.00 | Nenmeni |
| 23 | | Office Day |
| | 18.00 | Vaniyambalam |
| 24 | 18.00 | Pulloorampara |
| 25 | 10.00 | Areekkode |
| 26 | | Kuttippuram |
| 27 | 18.00 | Poozhithode |
| 28 | 10.00 | Peedikappara |
| 29 | | Office Day |
| | 14.00 | Engaged |
| 30 | 07.00 | Thamarassery |
| 31 | | Engaged |


ജൂലൈ 26-ാം തീയതി ജന്മദിനം ആഘോഷിക്കുന്ന
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
പിതാവിന് താമരശ്ശേരി രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ...

# താമരമൊട്ടുകൾ

**Thamarassery Diocesan Bullettim**

**July 2026**

**Volume: 28 - Issue 07**

**Chief Editor**

**Chancellor**

**Diocese of Thamarassery**

Thamarassery, Kozhikode - 673 573

Tel: 0495 - 2223376, 2963370

email: diocesetmy09@gmail.com

www.thamarassserydiocese.com

## ഉള്ളടക്കം

| | | |
|---|---|---|
| 1. | ആശംസകൾ | 446 |
| 2. | പ്രോഗ്രാം | 449 |
| 3. | സർക്കുലർ 12/2026 | 450 |
| 4. | സർക്കുലർ 13/2026 | 454 |
| 5. | സർക്കുലർ 14/2026 | 456 |
| 6. | ഇടയലേഖനം | 459 |
| 7. | കച്ചേരിക്കാര്യം | 465 |
| 8. | DECREE | 470 |
| 9. | ആദരാഞ്ജലികൾ | 477 |
| 10. | പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് | 478 |
| 11. | വിശ്വാസപരിശീലനം | 483 |
| 12. | മീഡിയ കമ്മീഷൻ | 487 |
| 13. | സെമിനാരി വാർത്തകൾ | 488 |
| 14. | ചെറുപുഷ്പ മിഷൻലീഗ് | 490 |
| 15. | സ്മാർട്ട് | 493 |
| 16. | ജീസസ് ഫ്രട്ടേണിറ്റി | 493 |
| 17. | CAMP | 494 |
| 18. | കെസിവൈഎം-എസ്എംവൈഎം | 495 |
| 19. | ബഥാനിയ ധ്യാനകേന്ദ്രം | 500 |
| 20. | കരിസ്മാറ്റിക് മൂവ്മെന്റ് | 503 |
| 21. | കരുണാഭവൻ | 504 |
| 22. | മദ്യ-ലഹരി വിമുക്ത സമിതി | 504 |
| 23. | ബൈബിൾ അപ്പസ്തോലേറ്റ് | 505 |
| 24. | കുടുംബകൂട്ടായ്മ | 507 |
| 25. | മാതൃവേദി | 508 |
| 26. | അൽഫോൻസ കോളേജ് | 509 |
| 27. | വിദ്യാഭ്യാസരംഗം | 510 |
| 28. | സ്റ്റാർട്ട് | 512 |
| 29. | ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 513 |
| 30. | വികസനവേദി | 514 |
| 31. | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് | 517 |
| 32. | തീർഥയാത്രകൾ | 518 |
| 33. | ഇൻഫാം | 519 |
| 34. | യേശുനിധി | 520 |
| 35. | അജപാലനകുറിപ്പുകൾ | 521 |





# *Birthday Greetings*

**Rev. Fathers**

| | | |
|---|---|---|
| Iykolambil Kuriakose | July | 7 |
| Mundakkal Chacko | | 9 |
| Msgr. Vayalil Abraham | | 8 |
| Pallickavayalil John | | 12 |
| Pulickal Sebastian | | 14 |
| Kuroor Emmanuel | | 16 |
| Kavilpurayidathil Abraham | | 17 |
| Njavallil Jose | | 17 |
| Kizhakeveettil Jacob | | 19 |
| Cherusseril Kurian | | 21 |
| Puramadathil Kurian | | 23 |
| Choorapoikayil Mathew | | 24 |
| Bp. Remigiose Inchananiyil | | 26 |
| Rev. Fathers | | |
| Embrayil Sebastian (Jr) | | 28 |
| Moolechalil Varghese | | 29 |
| Kadaplackal Thomas | | 31 |
| Mangalamadathil Mathew | | 31 |

**Mar Remigiose Inchananiyil**




# Feast Day Greetings

**Rev. Fathers**

| | | |
|---|---|---|
| Chakkittamuriyil Thomas (Sr) | July | 3 |
| Chakkittamuriyil Thomas (Jr) | | 3 |
| Chuvappunkal Thomas | | 3 |
| Chilambikunnel Thomas | | 3 |
| Eyyalil Thomas | | 3 |
| Kadaplackal Thomas | | 3 |
| Kalarickal Thomas | | 3 |
| Kalapurackal Thomas | | 3 |
| Kochukaipayil Thomas | | 3 |
| Kochumuriyil Thomas | | 3 |
| Kannampally Thomas | | 3 |
| Kudiyirickal Thomas | | 3 |
| Malapravanal Thomas | | 3 |
| Nagaparambil Thomas | | 3 |
| Parankulangara Thomas | | 3 |
| Poriyath Thomas | | 3 |
| Pulayamparambil Thomas | | 3 |
| Puthiyaparambil Thomas | | 3 |
| Thevadiyil Thomas | | 3 |
| Vattottutharappel Thomas | | 3 |
| Chennamkulath Benedict | | 11 |
| Chemplani Kuriakose | | 15 |
| Cherusseril Kurian | | 15 |
| Iykolambil Kuriakose | | 15 |




# Feast Day Greetings

| | |
|---|---|
| Nanjilathu Kuriakose Thomas | 15 |
| Pulickal Sibi Kurian | 15 |
| Puramadathil Kurian | 15 |
| Thalachirakuzhy Kurian | 15 |
| Thannickal Kurian | 15 |
| Thayyil Kurian | 15 |
| Veliyath Kurian | 15 |
| Panachickal Alex | 17 |
| Areethara Jacob | 25 |
| Cherickal James | 25 |
| Kappalumackal Jacob | 25 |
| Karakunnel Jacob | 25 |
| Kiliyananickal James | 25 |
| Kizhakeveettil Jacob | 25 |
| Kothanickal Chacko | 25 |
| Koothur Jacob | 25 |
| Koyipurath Jacob | 25 |
| Kuzhimattathil James | 25 |
| Mundackal Chacko | 25 |
| Plakkoottathil Jacob | 25 |
| Pulthakidiyil James | 25 |
| Puthenpurackal Jacob | 25 |
| Thittayil Jacob | 25 |
| Vallikunnel James | 25 |
| Vamattathil James | 25 |

**Mar Remigiose Inchananiyil**



# പ്രോഗ്രാം

**ജൂലൈ 2026**

| | |
|---|---|
| 03 വെള്ളി | **ദുക്റാന,** ബഥാനിയ: ഏകദിന കൺവെൻഷൻ |
| 05 ഞായർ | **വൈദികരുടെ വാർഷിക ധ്യാനം (5-9)** |
| | **യുവജന ഞായർ** |
| 09 വ്യാഴം | പ്രീകാനാ കോഴ്സ് (9-11) |
| 10 വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 14 ചൊവ്വ | കൺസൾട്ടേഴ്സ് മീറ്റ് |
| 15 ബുധൻ | വി. കുര്യാക്കോസ്, വി. ജൂലിറ്റാ |
| 16 വ്യാഴം | **കർമ്മലമാതാവ്** |
| 17 വെള്ളി | കോർഡിനേഷൻ കമ്മിറ്റി |
| | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 18 ശനി | ചരമദിനം: ഫാ. ഫിലിപ്പ് പ്ലാത്തോട്ടം (2010) |
| 22 ബുധൻ | **വി. മഗ്ദലേനമറിയം** |
| 23 വ്യാഴം | ചരമദിനം: ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ (2019) |
| 24 വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 25 ശനി | **വി. യാക്കോബ് ശ്ലീഹാ, വി. യൊവാക്കിം,** |
| | **വി. അന്ന** |
| 26 ഞായർ | **അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ജന്മദിനം** |
| | ചരമദിനം: ഫാ. മാത്യു പൊയ്യക്കര (2008) |
| 28 ചൊവ്വ | **വി. അൽഫോൻസായുടെ തിരുനാൾ** |
| 29 ബുധൻ | ചരമദിനം: ഫാ. മാത്യു ഓണയാത്തൻകുഴി (2024) |
| 30 വ്യാഴം | ചരമദിനം: ഫാ. ജോസ് മണിമലത്തറപ്പിൽ (2012) |
| 31 വെള്ളി | **വി. ഇഗ്നേഷ്യസ് ലയോള,** |
| | ബഥാനിയ: ഏകദിന കൺവെൻഷൻ |

# അഖണ്ഡജപമാല സമർപ്പണം 2026

*സർക്കുലർ 12/2026*

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദന്മാരേ, വത്സല കുഞ്ഞുങ്ങളേ,

നമ്മുടെ രൂപതയുടെ ആത്മീയനവീകരണ കേന്ദ്രമായ ബഥാനിയായിൽ ഇരുപത്തിയഞ്ചു വർഷമായി മുടങ്ങാതെ നടക്കുന്ന ആത്മീയ ശുശ്രൂഷയാണ് അഖണ്ഡജപമാല സമർപ്പണം. ദിവ്യകാരുണ്യ ഈശോയുടെ മുൻപിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ലോകം മുഴുവനുംവേണ്ടി പ്രാർഥിക്കുന്ന വിശ്വാസത്തിന്റെയും, മാനസാന്തരത്തിന്റെയും, അഭിഷേകത്തിന്റെയും അനുഗ്രഹത്തിന്റെയും ദിനങ്ങളാണവ. ഈ വർഷം, ജൂലൈ 16 വ്യാഴാഴ്ച ആരംഭിച്ച് ഒക്ടോബർ 24 ശനിയാഴ്ച സമാപിക്കുന്ന വിധത്തിലാണ് അനുഗ്രഹശുശ്രൂഷയായ അഖണ്ഡജപമാല സമർപ്പണം ക്രമീകരിച്ചിരിക്കുന്നത്. 101 ദിനരാത്രങ്ങളുടെ ദൈർഘ്യമുള്ള പ്രാർഥനയജ്ഞത്തിലൂടെ നമുക്കും രൂപതയ്ക്കും ലോകം മുഴുവനും അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി പ്രാർഥിക്കാം.

ഒരായുസ്സു മുഴുവൻ ദൈവേഷ്ടത്തിനു മുമ്പിൽ വ്യയം ചെയ്ത പരിശുദ്ധ അമ്മ വ്യാകുലങ്ങളുടെ മഹാസമുദ്രത്തിൽ തകർന്നടിഞ്ഞില്ല. കർത്താവരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവളാണ് ഭാഗ്യവതിയായ മറിയം. ബേത്‌ലെഹെമിലും നസ്രത്തിലും അനുഷ്ഠിച്ച മാതൃത്വത്തിന്റെ കർത്തവ്യങ്ങൾ മാത്രമല്ല അവളെ ഭാഗ്യവതിയാക്കിയത്. അവിടം കൊണ്ടവസാനിക്കാതെ വചനത്തിന്റെ പുറകെ കാൽവരിവരെയെത്തി മെഴുകുതിരി പോലെ തെളിഞ്ഞുരുകിയതാണ് അവളുടെ മഹാഭാഗ്യത്തിനു കാരണം. രക്ഷാകര രഹസ്യങ്ങൾ ധ്യാനിച്ചു കൊണ്ട് ജീവിതത്തിന് നന്മകൾ മാത്രം നേരുന്ന, അമ്മയുടെ കാലടികളെ പിന്തുടരാനും മാധ്യസ്ഥ്യം തേടാനുമുള്ള അവസരമാണ് ഇടമുറിയാതെ പ്രാർഥനയൊഴുകുന്ന ബഥാനിയായിലെ അഖണ്ഡജപമാല സമർപ്പണം.

ജപമാല റാണിയെന്ന് പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെത്തന്നെ വിശേഷിപ്പിക്കുന്നുണ്ട്. ജപമാല ചൊല്ലി പ്രാർഥിക്കുമ്പോൾ പരിശുദ്ധ അമ്മയുടെ പ്രത്യേക സംരക്ഷണവും വിശുദ്ധിയിൽ ജീവിക്കാനുള്ള കൃപയും നമുക്ക് ലഭിക്കുന്നു. ജപമാല വെറുമൊരു ബാഹ്യപ്രാർഥനയല്ല, പരിശുദ്ധ അമ്മയോടൊപ്പം ഈശോയുടെ മുഖം ധ്യാനിക്കുന്ന ആഴമേറിയ ക്രിസ്തുകേന്ദ്രീകൃത പ്രാർഥനയാണെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നു. ലോകസമാധാനത്തിനു ഭീഷണിയായ യുദ്ധങ്ങളും ഭീകരപ്രവർത്തനങ്ങളും നമ്മെ അസ്വസ്ഥപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ സമാധാന രാജ്ഞിയായ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം നമുക്ക് ആവശ്യമാണ്. കുടുംബബന്ധങ്ങളിലും കുഞ്ഞുങ്ങളിലും യുവജനങ്ങളിലും, വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മേഖലയിൽ നാമറിയാതെ നുഴഞ്ഞുകയറുന്ന അപകടങ്ങൾ മനസ്സിലാക്കാനും അവയെ തരണം ചെയ്യാനും പരിശുദ്ധ അമ്മയോടു ചേർന്നു നിന്നാൽ നമുക്ക് കൃപ ലഭിക്കും.

'ഇതാ നിന്റെ അമ്മ' (യോഹ 19,27) എന്ന ക്രിസ്തുവചനത്തിൽ ആശ്രയിച്ചുകൊണ്ട്, സഭയും മാനവരാശിയും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിൽ പ്രത്യാശയർപ്പിക്കേണ്ട കാലഘട്ടമാണിതെന്നു നിരവധി വിശുദ്ധർ ആവശ്യപ്പെടുന്നുണ്ട്. 'ഈ കാലഘട്ടത്തിലെ ലോകത്തിന്റെ എല്ലാ തിന്മകൾക്കും എതിരായുള്ള ആയുധം ജപമാലയാണ്. എപ്പോഴും ജപമാല കൈകളിൽ കരുതുക, കാരണം അത് സാത്താനെ തുരത്താൻ പോന്ന ശക്തമായ ആയുധമാണെന്ന്' വി.പാദ്രേ പിയോ സാക്ഷ്യപ്പെടുത്തുന്നു. പരിശുദ്ധ അമ്മയുടെ ഭക്തയായ കൊച്ചുത്രേസ്യ പുണ്യവതി നമ്മെ ഓർമിപ്പിക്കുന്നത് ഇപ്രകാരമാണ്, 'ഞാൻ ജപമാല ചൊല്ലുമ്പോൾ പരിശുദ്ധ അമ്മ എന്നെ നോക്കി പുഞ്ചിരിക്കുന്നതായും, എന്റെ ഓരോ പ്രാർഥനയും ഈശോയുടെ പക്കലേക്ക് എത്തിക്കുന്നതായും ഞാൻ ആത്മീയമായി അനുഭവിക്കുന്നു'. കൊൽക്കത്തയിലെ വി. മദർ തെരേസ പ്രത്യാശയോടെ പങ്കുവയ്ക്കുന്നു: 'നിങ്ങളുടെ കുടുംബങ്ങളിൽ സമാധാനവും സ്നേഹവും നിലനിൽക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, ഒന്നിച്ചിരുന്ന് ജപമാല ചൊല്ലി പ്രാർഥിക്കുക. ഒന്നിച്ചു പ്രാർഥിക്കുന്ന കുടുംബം എന്നും ഒന്നിച്ചു നിലനിൽക്കും'. കുടുംബത്തിന്റെയും സഭ

യുടെയും സമൂഹത്തിന്റെയും ആവശ്യങ്ങളുമായി ആത്മീയഭിഷേക ദിനങ്ങളായ അഖണ്ഡജപമാല യജ്ഞത്തിലൂടെ നമുക്ക് പരിശുദ്ധ മറിയത്തിന്റെ സഹായം തേടി, അനുഗ്രഹങ്ങൾ സ്വീകരിക്കാം.

ബഥാനിയായിലെ അഖണ്ഡ ജപമാലയർപ്പണത്തിന്റെ 101 ദിനരാത്രങ്ങളിൽ പ്രത്യേക നിയോഗങ്ങളായി നാം സമർപ്പിക്കുന്നത് ലോക സമാധാനവും കുടുംബ വിശുദ്ധീകരണവുമാണ്. 'സമാധാനത്തിന്റെ രാജ്ഞി' എന്നു വിശേഷിപ്പിക്കപ്പെടുന്ന പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം ആത്മാർഥമായി അന്വേഷിക്കുന്നവർ, യുദ്ധങ്ങളുടെയും വർഗീയതയുടെയും രാഷ്ട്രീയ അരാജകത്വത്തിന്റെയും ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ കരുണ, സമാധാനവും നീതിയുമായി ലോകത്തെ ആശ്ലേഷിക്കുന്നത് സാക്ഷ്യപ്പെടുത്തും. കുടുംബങ്ങളുടെ കെട്ടുറപ്പും വിശ്വാസ്യതയും ശക്തിപ്പെടുത്താൻ, ഇന്ന് ഓരോ കുടുംബവും വിശുദ്ധീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. തിരുകുടുംബത്തിന്റെ നാഥയായ പരിശുദ്ധ അമ്മ, ശിഥിലമാക്കപ്പെട്ട കുടുംബ ബന്ധങ്ങളുടെ നവീകരണത്തിനും നഷ്ടപ്പെട്ടുപോയ വിശുദ്ധിയുടെ വീണ്ടെടുപ്പിനും നമ്മെ സഹായിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ഒരു കുടുംബം എന്ന നിലയിൽ നമ്മുടെ രൂപതയ്ക്ക് ദൈവാനുഗ്രഹത്തിന്റെ അവസരമാണ് അഖണ്ഡ ജപമാലയുടെ ദിവസങ്ങൾ. രൂപത മുഴുവനും വേണ്ടി ഈ വർഷത്തിൽ നമുക്ക് പ്രാർഥനയുടെ കരങ്ങൾ ഉയർത്താം. കഴിഞ്ഞ വർഷങ്ങളിലേതു പോലെ ഈ വർഷവും നമ്മുടെ എല്ലാ ഇടവകകളുടെയും സജീവ പങ്കാളിത്തം അഖണ്ഡ ജപമാല സമർപ്പണത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. കുടുംബ കൂട്ടായ്മകൾ, ഭക്തസംഘടനകൾ, വിവിധ ഗ്രൂപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പരമാവധി ആളുകൾ ജപമാലയുടെ ദിവസങ്ങളിൽ ബഥാനിയായിൽ എത്തിച്ചേരുമല്ലോ. നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളെയും പരിശുദ്ധ അമ്മയ്ക്ക് ഭരമേൽപ്പിച്ച് ബഥാനിയായിലെത്തി ഒരു ജപമാലയെങ്കിലും ചൊല്ലി പ്രാർഥിക്കാൻ നിങ്ങളെല്ലാവരും ശ്രദ്ധിക്കണം. മാതാപിതാക്കൾ മക്കളോടൊപ്പമാണ് പ്രാർഥനയ്ക്കായി വരേണ്ടത്. സന്യാസ ഭവനങ്ങളിലെ അംഗങ്ങൾ ലോകസമാധാനത്തിനും കുടുംബ വിശുദ്ധീകരണത്തിനും വേണ്ടി ബഥാനിയായിൽ എത്തി പ്രാർഥിക്കണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. അടുത്തുള്ള ഇടവകകളിൽ നിന്നും

പരിഹാരപ്രദക്ഷിണത്തോടെ ഭക്തജനങ്ങൾ ഈ ജപമാലയജ്ഞത്തിൽ സംബന്ധിക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ അതിനാവശ്യമായ നേതൃത്വം നല്കണമെന്ന് അഭ്യർഥിക്കുന്നു. പൊതു നിയോഗങ്ങളോടൊപ്പം വ്യക്തിപരമായ നിയോഗങ്ങളും അഖണ്ഡ ജപമാലയിൽ സമർപ്പിച്ച് പ്രാർഥിക്കാം.

'ദൈവമാതാവ് സ്വർഗത്തിലേക്കുള്ള ഗോവണി ആണ്. ഈ ഗോവണി വഴി ദൈവം ഇറങ്ങി വന്നതു മനുഷ്യർ മറിയം വഴി സ്വർഗത്തിലേക്ക് കയറി പോകുവാനാണ്': സഭാപിതാവായ വി. അമ്രോസിന്റെ ഈ വാക്കുകൾ പരിശുദ്ധ അമ്മയുടെ സഹായം തേടാൻ നമുക്ക് സഹായകമാകട്ടെ.

ജപമാല റാണിയായ പരിശുദ്ധ കന്യകാമറിയവും തിരുക്കുടുംബത്തിന്റെ സംരക്ഷകനായ വി. യൗസേപ്പും ദൈവമാതാവിന്റെ ഹൃദയ വ്യഥകളെപ്പറ്റി ജീവിതംമുഴുവൻ ധ്യാനിച്ച വി.അൽഫോൻസയും നമ്മുടെ രൂപതയുടെ ജപമാല സമർപ്പണം ദൈവാനുഗ്രഹപ്രദമാകാൻ സഹായകമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

+Remigiose

✠ **റെമിജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# അൽഫോൻസ തീർഥാടനം 2026

*സർക്കുലർ 13/2026*

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

ഭാരതത്തിന്റെ പ്രഥമ വിശുദ്ധയും നമ്മുടെ രൂപതയുടെ സ്വർഗ്ഗീയ മധ്യസ്ഥയുമായ അൽഫോൻസാമ്മയോടുള്ള വണക്കത്താൽ വിശുദ്ധിയുടെ പരിമളം നിറയുന്ന ദിവസങ്ങളിലേക്ക് നാം പ്രവേശിക്കുകയാണ്. ആത്മീയതയുടെ അകം പൊരുളിലേക്കുള്ള തീർഥാടന വഴിയിൽ, അത്ഭുതവും അതിജീവനോർജവുമായ വി.അൽഫോൻസയുടെ മാധ്യസ്ഥ്യം തേടി നമുക്ക് പ്രാർഥിക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യാം.

കൃപയിലേക്കുള്ള ദൂരം സഹനമാണെന്ന് ജീവിതം കൊണ്ട് സംവദിച്ച വിശുദ്ധ നമ്മുടെ മുൻപിൽ ദൈവമുഖദർശനത്തിന്റെ പ്രകാശ ഗോപുരമാണ്. 'സഹനപുത്രി' എന്നു വിളിക്കപ്പെട്ട പുണ്യവതിയായ അൽഫോൻസ 'ലൗകികാശ്വാസങ്ങളെല്ലാം എനിക്ക് കയ്പ്പായിപ്പകർത്തണമേ' എന്ന് നിരന്തരം പ്രാർഥിച്ചിരുന്നു. 'ഒരു പരമാണുവും ക്രിസ്തുവിന്റെ ദിവ്യഹൃദയത്തിലെ സ്നേഹജ്വാലയിലെ ഒരു പൊരിയും ആകുന്നതുവരെ തന്നെ എളിമപ്പെടുത്തണമേ' എന്ന് ആഗ്രഹിച്ച വിശുദ്ധ, ക്രിസ്തുവിന്റെ എളിമപ്പെടലിന്റെയും ലാളിത്യത്തിന്റെയും സുവിശേഷത്തെ അനുഗമിക്കാൻ നമുക്കോരോരുത്തർക്കും ജീവിതയാത്രയിൽ എന്നും പ്രചോദനമാകട്ടെ.

താമരശ്ശേരി രൂപതയ്ക്ക് സവിശേഷമായ വണക്കവും ഭക്തിയും സ്വർഗീയ മധ്യസ്ഥയായ വി.അൽഫോൻസയോടുണ്ട്. വിശുദ്ധയുടെ നാമധേയത്തിൽ അനേകം ഇടവകകളും സ്ഥാപനങ്ങളും മഠങ്ങളും വിദ്യാലയങ്ങളും നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്നു. രൂപതയുടെ ഇന്നോളമുള്ള ചരിത്രം, സ്നേഹബലിയായ അൽഫോൻസാമ്മയുടെ മധ്യസ്ഥതയാൽ ദൈവപരിപാലനയുടെ ഊഷ്മളമായ അനുഭവങ്ങൾകൊണ്ട് സമ്പന്നമാണ്. നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധിയിലും കണ്ണീരിലും അന്നന്നത്തെ അപ്പത്തിനുവേണ്ടിയുള്ള പരിശ്രമത്തിലും വി. അൽഫോൻസാമ്മയുടെ വലിയ മാധ്യസ്ഥ്യം

രൂപതയ്ക്കും രൂപതയിലെ ഓരോ കുടുംബത്തിനും ഉണ്ടാകട്ടെയെന്ന് പ്രാർഥിക്കുന്നു.

ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് ഈ വർഷവും പതിവുപോലെ തീർഥാടന കേന്ദ്രത്തിൽ നമ്മുടെ രൂപതാംഗങ്ങൾക്ക്, കബറിടത്തിങ്കലേക്ക് തീർഥയാത്ര നടത്തി കൃതജ്ഞതാബലി അർപ്പിച്ച് പ്രാർഥിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഭരണങ്ങാനത്തേക്കുള്ള തീർഥാടനം ജൂലൈ 21-ാം തീയതി, ചൊവ്വാഴ്ചയാണ് ഒരുക്കിയിരിക്കുന്നത്. അന്നേദിവസം രാവിലെ 11 മണിക്കുള്ള വി. കുർബാനയിലും അനുബന്ധ ശുശ്രൂഷകളിലും എന്നോടൊപ്പം പങ്കുചേരാൻ എല്ലാവരെയും സ്നേഹപൂർവം ഞാൻ ക്ഷണിക്കുന്നു.

അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെ സ്വർഗീയപ്രാപ്തിയുടെ ഈ ജൂബിലിവർഷത്തിൽ തീർഥാടനസ്ഥലങ്ങൾ സന്ദർശിക്കുന്നതും പ്രാർഥനയിലായിരിക്കുന്നതും പൂർണദണ്ഡ വിമോചനം പ്രാപിക്കാനുള്ള അവസരമായി പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇടവകയിൽ നിന്നോ അല്ലെങ്കിൽ പല ഇടവകകൾ ഒന്നുചേർന്നോ വാഹന സൗകര്യം ഒരുക്കിയാൽ തീർഥാടനത്തിൽ പങ്കെടുക്കുന്നവർക്ക് സൗകര്യപ്രദമാകും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇതിന് നേതൃത്വം നല്കുമല്ലോ. ഇടവകതലത്തിൽ ഒരുക്കുന്ന തിരുനാളാഘോഷത്തിലും നൊവേനയിലും മറ്റ് ഭക്തകൃത്യങ്ങളിലും എല്ലാവരുടെയും സജീവമായ പങ്കാളിത്തമുണ്ടാകണമെന്നും അഭ്യർഥിക്കുന്നു.

പ.കന്യകാമറിയവും വി.യൗസേപ്പിതാവും സുവിശേഷത്തിലെ ഗോതമ്പുമണിപോലെ ദിവ്യനാഥന്റെ മുൻപിൽ ആത്മാർപ്പണം നടത്തിയ അൽഫോൻസാമ്മയും ഈ വർഷത്തെ തീർഥാടനം ദൈവാനുഭവത്തിന്റെ തിരുശേഷിപ്പായി മാറാൻ നമുക്കുവേണ്ടി, രൂപതയ്ക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.



മിശിഹായിൽ സ്നേഹപൂർവം,

+Remigiose

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 ജൂലൈ 12-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# വൈദികദിനം
# വൈദിക ക്ഷേമനിധി

*സർക്കുലർ 14/2026*

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

"ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ 10,11) എന്ന ഈശോയുടെ വചനം അനുസ്മരിച്ചുകൊണ്ട് ഇടവക വൈദികരുടെ സ്വർഗീയ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതി നാം ആചരിക്കുകയാണ്. നമ്മുടെ രൂപതയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്ന വൈദികരെയും അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമിക്കുന്ന വൈദികരെയും ഓർമിക്കാനും പ്രാർഥിക്കാനുമുള്ള അവസരമാണ് ഈ തിരുനാൾ ദിനം. കഴിഞ്ഞ വർഷങ്ങളിൽ ഈ ദിവസം വളരെ പ്രത്യേകമായി നിങ്ങൾ വൈദികരെ അനുസ്മരിക്കുകയും പ്രാർഥിക്കുകയും തിരുനാൾ ആശംസകൾ നേരുകയും ചെയ്തു. അതുപോലെ നമ്മുടെ വൈദികരുടെ സംരക്ഷണത്തിനായി സമാഹരിക്കുന്ന സ്തോത്രകാഴ്ചയിൽ നിങ്ങൾ ആത്മാർഥമായി സഹകരിച്ചു. രൂപതയിലെ വൈദികരുടെ പേരിൽ ഞാൻ നിങ്ങൾക്ക് ഹൃദയപൂർവം നന്ദി പറയുന്നു.

പൗരോഹിത്യമെന്ന വലിയ ദാനം സ്വീകരിച്ചുകൊണ്ട് ബലിയർപ്പണത്തിലൂടെയും ഇതര കൂദാശകളുടെ പരികർമ്മങ്ങളിലൂടെയും ഈശോയുടെ രക്ഷാകര ദൗത്യത്തിന്റെ തുടർച്ച സഭയിൽ നിർവഹിക്കുന്നവരാണ് പുരോഹിതർ. ആത്മീയതലത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സമഗ്ര പുരോഗതിക്കു വേണ്ടി കഠിനാധ്വാനം ചെയ്യുന്ന പുരോഹിതരാണ് നമ്മുടെ രൂപതയിലുള്ളത്. ഈശോയുടെ ദൗത്യം വിവിധ തലങ്ങളിൽ പ്രായോഗികമാക്കുന്നതിന്, അവർ മറ്റാർക്കും ചെയ്യാനാവാത്ത പവിത്രമായ ഉത്തരവാദിത്തം നിർവഹിക്കുന്നു.

താമരശ്ശേരി രൂപതയിൽ ഇപ്പോൾ 221 വൈദികരുണ്ട്. ഇതിൽ 165 വൈദികർ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്ന

വരാണ്. ഏതാനും പുരോഹിതർ രൂപതയ്ക്കകത്തും പുറത്തുമായി ജോലിചെയ്യുകയും പഠിക്കുകയും ചെയ്യുന്നു. 21 വൈദികരാണ് ഈരൂട് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നത്. അവർ, നമ്മുടെ രൂപതയുടെ മാത്രമല്ല മലബാറിന്റെ തന്നെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ ചെയ്തവരാണ്. അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവും ജേക്കബ് തൂങ്കുഴി പിതാവും പോൾ ചിറ്റിലപ്പിള്ളി പിതാവും, 44 വൈദികരും നിത്യസമ്മാനത്തിനായി ഇതിനോടകം വിളിക്കപ്പെട്ടു. പ്രാർഥനാപൂർവം അവരെയും നമുക്ക് അന്നേദിനം അനുസ്മരിക്കാം. ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരാൻ രൂപീകരണത്തിലായിരിക്കുന്ന വൈദികവിദ്യാർഥികളെയും അവരെ ഉദാരതയോടെ പിന്തുണയ്ക്കുന്ന മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഉപകാരികളെയും നന്ദിയോടെ ഓർക്കുന്നു.

ഒരു ഇടവക സമൂഹത്തിൽ വൈദികൻ തന്റെ പൗരോഹിത്യ ശുശ്രൂഷ സന്തോഷപ്രദമായി നിർവഹിക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിൽ നാം നിരന്തരം ശ്രദ്ധിക്കേണ്ടതുണ്ട്. പൗരോഹിത്യത്തെ ബഹുമാനിക്കുന്നവർ ഈശോയെയാണ് ബഹുമാനിക്കുന്നത്. ഒരു പുരോഹിതന് ദൈവജനം നൽകേണ്ട ആദരവും ബഹുമാനവും അദ്ദേഹത്തിന്റെ വ്യക്തിപരമായ നേട്ടങ്ങളുടെയോ മികവിന്റെയോ അടിസ്ഥാനത്തിലാകരുത്. മറിച്ച്, ഈശോ സ്വന്തമാക്കിയിരിക്കുന്ന വ്യക്തിയാണ് ഓരോ വൈദികനും എന്ന നിലയിലായിരിക്കണം. ഇടവകകളിൽ അവർക്ക് ലഭിക്കുന്ന പരിഗണനയും പിന്തുണയും സ്നേഹവും അംഗീകാരവും അവരുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവവും മികവുറ്റതുമാക്കുന്നു. അതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് വൈദികരുടെ ആരോഗ്യസുരക്ഷയും സംരക്ഷണവും. ഇത് സാധ്യമാകുന്നത് നിങ്ങളുടെ പ്രാർഥനയിലൂടെയും വൈദികക്ഷേമനിധിയിലേക്ക് നിങ്ങൾ അകമഴിഞ്ഞ് നല്കിയ സാമ്പത്തിക സഹായത്തിലൂടെയുമാണ്. കഴിഞ്ഞവർഷം ശരാശരി ഒരു കോടിയിൽ അധികം രൂപയാണ് വിവിധങ്ങളായ വൈദികക്ഷേമപ്രവർത്തനങ്ങൾക്കും ആരോഗ്യ പരിപാലനത്തിനുമായി ചെലവഴിച്ചത്. വൈദികദിനത്തോടനുബന്ധിച്ച് നാം സമാഹരിക്കുന്ന തുകയാണ്, വൈദികക്ഷേമത്തിനും പ്രത്യേകിച്ച് നമ്മുടെ പ്രിയപ്പെട്ട പുരോഹിതരുടെ ആരോഗ്യ പരിപാലനത്തിനുമുള്ള രൂപതയുടെ പ്രധാന സാമ്പത്തിക സ്രോതസ്സ്.

ഈ വർഷം, വൈദിക ക്ഷേമനിധിയിലേക്കുള്ള നിങ്ങളുടെ സംഭാവന ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ സ്തോത്രക്കാഴ്ചയായി നൽകണമെന്ന് അഭ്യർഥിക്കുന്നു. നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുന്ന കവറിലാണ് സംഭാവന നൽകേണ്ടത്. 46 ലക്ഷത്തോളം രൂപയാണ് വൈദിക ക്ഷേമനിധിയിലേക്ക് സംഭാവനയായി കഴിഞ്ഞവർഷം നിങ്ങൾ നൽകിയത്. "ഈ ചെറിയവരിൽ ഒരുവന്, ശിഷ്യൻ എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു" (മത്താ 10,42). വൈദികരുടെ ചികിത്സയ്ക്കും സംരക്ഷണത്തിനുമായി നിങ്ങളോരോരുത്തരും സന്തോഷത്തോടെ സമർപ്പിക്കുന്ന കാഴ്ചകൾ നൂറുമടങ്ങായി ദൈവം തിരികെനൽകട്ടെ എന്ന് പ്രാർഥിക്കുന്നു.

വൈദികദിനത്തിൽ നമ്മുടെ വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും വിവിധ മേഖലകളിൽ സേവനം ചെയ്യുന്ന വൈദികരെയും ഓർക്കുകയും പ്രാർഥിക്കുകയും ചെയ്യാം. വൈദികദിനത്തിന്റെ ആശംസകൾ അച്ചന്മാർക്ക് നേരുന്നത് സന്തോഷകരമായ കാര്യമാണ്. പ്രീസ്റ്റ് ഹോമിൽ വിശ്രമിക്കുന്ന മുൻ വികാരിയച്ചന്മാരെ സമയം കിട്ടുമ്പോൾ സന്ദർശിക്കാൻ മറക്കരുത്. നമ്മുടെ കുടുംബങ്ങളിൽ ദൈവവിളി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നതെല്ലാം ചെയ്യുമല്ലോ. രൂപതയിലെ എല്ലാ വൈദികർക്കും രൂപതയിൽ സേവനം ചെയ്യുന്ന സമർപ്പിതവൈദികർക്കും അവർ ചെയ്യുന്ന സേവനങ്ങളെപ്രതി നന്ദി പറയുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

വൈദികരുടെ രാജ്ഞിയായ പരിശുദ്ധ അമ്മയും സ്വർഗീയ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയും രൂപത മധ്യസ്ഥയായ വി. അൽഫോൻസയും നമ്മുടെ വൈദികർക്കുവേണ്ടി പ്രാർഥിക്കുകയും അവരുടെ ശുശ്രൂഷ ഫലമണിയിക്കുകയും ചെയ്യട്ടെ.

സ്നേഹപൂർവം

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2026 ജൂലൈ 26-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

# ഇടയലേഖനം
# ദുക്റാനതിരുനാൾ - സഭാദിനം 2026

Prot. No. 0444/2026

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുന്നാൾ ഒരിക്കൽകൂടി നമ്മൾ ആഘോഷിക്കയാണ്. നമുക്കും അവനോടൊപ്പം പോയി മരിക്കാം (യോഹ. 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നല്കുന്നതിനായി ഇവിടെ വരികയും എ.ഡി 72ൽ ചെന്നൈ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർതോമാപാരമ്പര്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ സഭാസമൂഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയ്യതി ആത്മീയസ്വത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനതിരുന്നാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ കാണണം എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസ

ത്തിന്റെ ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽനിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി (Homilie in Evangelica, 26,7) എന്നു മഹാനായ വി. ഗ്രിഗറി മാർപാപ്പ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയകുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, മാനവമഹത്വം (Magnifica Humanitas) എന്ന പേരിൽ സാർവത്രികസഭക്കു നല്കിയ ആദ്യത്തെ ചാക്രികലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനുവേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നതുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: മനുഷ്യന്റെ അന്തസ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽ നിന്നുള്ള ദാനമാണ് (മാനവമഹത്വം, 50). മനുഷ്യന്റെ അന്തസും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രികലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ-ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിപ്പിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് ക്രൈസ്തവരുടെ അടിയന്തിര ഉത്തരവാദിത്വമാണെന്നു മാർപാപ്പ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം.

സോഷ്യൽമീഡിയ വിവിധ ജീവിതമേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ, വ്യാജവാർത്തകളും വിദ്വേഷപ്രചരണങ്ങളും അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽമീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ, കൊല്ലരുത് എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിയില്ലാത്ത കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തുതോല്പ്പിക്കാനും ആവശ്യമായ വിവേചനാശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തുനില്ക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവമനുഷ്യനഗരത്തിന്റെ നിർമിതിക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം, 1).

വിശ്വാസത്തിന്റെ ആദ്യപാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ച്ചവരു

ന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചു ലെയോ മാർപാപ്പ തന്റെ ചാക്രികലേഖനത്തിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരുന്ന സ്ക്രീൻ ആശ്രയത്വം, പ്രാർഥനക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതീകവുമായ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായകവുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ കുടുംബങ്ങളിൽ ഡിജിറ്റൽ ഉപവാസം (digital fasting) ആചരിക്കാനും ഭക്ഷണസമയങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബപ്രാർഥനക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗങ്ങളെല്ലാവരും കൂട്ടായ്മ യിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുകയും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ വിഭാഗീയചിന്താഗതി സഭാചൈതന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മയാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: സഭയെ അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല (Habere non potest Deum Patrem qui Ecclesiam non habet matrem, De Catholicae Ecclesiae Unitate, 6).

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ചതുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസി സമൂഹമെന്നനിലയിൽ നമ്മുടെ ന്യായമായ അവകാശ

ങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ച്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റു ള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തുപിടിക്കാനും സഭാംഗ ങ്ങൾ ശ്രദ്ധകാണിക്കണം. സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, നീതിപൂർവകമായ ഒരു ലോകനിർമ്മിതിക്കുവേണ്ടി എല്ലാവരുമായും സംവദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹ ത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭ യായി നമ്മൾ മുന്നോട്ടുപോകണം.

നമ്മുടെ പിതാവിന്റെ ധീരമായ മാതൃക പിന്തുടർന്ന് ഈശോയുടെ സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ സുവിശേഷത്തിന്റെ ശുശ്രൂഷകരായി ലോകത്തിന്റെ വിവി ധഭാഗങ്ങളിൽ സേവനംചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദി പറയാം. നമ്മുടെ സഭ ഈ അടുത്ത കാലങ്ങളിൽ സുവിശേഷപ്രഘോ ഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈയവ സരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർ പ്പിതരോടുമൊപ്പം ധാരാളം അല്മായപ്രേഷിതരും സുവിശേഷ പ്രഘോഷണത്തിൽ വ്യാപൃതരാണ് എന്നത് ഏറെ സന്തോഷകര മായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷ പ്രഘോഷണസംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസര ത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്ന വിധത്തിലെല്ലാം എല്ലാ പ്രേഷിതസംരംഭങ്ങളെയും സഹായിക്കുക യും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.

ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാപൂ രിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ സമീപം നമുക്കു സ്വന്തമായി ഒരു തീർത്ഥാടനകേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കു ന്നു. ഇതിനു നേതൃത്വംനല്കിയ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപതമുഴുവനെയും അഭിനന്ദി ക്കുന്നു. ഈ സംരംഭത്തിന് ഇതുവരെ നിർലോഭമായ സഹായം ഹൊസൂർ രൂപതയ്ക്ക് നല്കിയ എല്ലാവരെയും നന്ദിയോടെ ഓർ

ക്കുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാ സ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരിക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്ന വിധത്തിൽ സഹകരിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നുകിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതംകൊണ്ട് സാക്ഷ്യംനല്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തംചിന്തി കർത്താവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിതസാഹചര്യങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും എളിമപ്പെടലിന്റെയും ദൈനംദിന രക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ബാബേൽ ഗോപുരങ്ങൾ പണിയുന്നവരാകാതെ ദൈവവും മനുഷ്യനും ഒരുമിച്ചു വസിക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർമിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർതോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

✠ **റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

ഈ ഇടയലേഖനം 2026 ജൂൺ 28-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ വായിക്കാൻ നൽകിയത്.



# കച്ചേരിക്കാര്യം

## 1. New Appointments

Rev. Fathers

Kuroore Augustine MCBS - Asst. Vicar, Kodanchery

*Mekhala Directors - Kudumbakoottayma*

Chilambikunnel Thomas - Thamarassery
Chundayil Joseph - Perinthalmanna
Oravumkara John - Kodanchery

*Mekhala Directors - Mathruvedi (SMM)*

Karikunnel Jacob - Koorachuncu
Kuzhikkattumyalil Joseph - Maruthomkara
Mukaleparambil Joseph - Mariyapuram
Panthaplackal Joseph - Karuvarakundu
Thandamparambil Joseph - Paroppady
Thittayil Mathew - Kodanchery

## 2. ജൂലൈ 3 – സഭാദിനം, സഭാദിന പിരിവ്

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനമായി ആചരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും വിശ്വാസികളുടെ നന്മയ്ക്കും വേണ്ടി മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം പ്രാർഥിക്കാം. അന്നേ ദിവസം വി. കുർബാനമദ്ധ്യേ സമാഹരിക്കുന്ന സീറോ മലബാർ സഭാദിന പിരിവ് (ആൾ ഒന്നിന് 4 രൂപ പ്രകാരം) രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

## 3. വൈദികരുടെ വാർഷിക ധ്യാനം

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം പുല്ലൂരാം

പാറ ബഥാനിയായിൽ 2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച വൈകുന്നേരം ആരംഭിച്ച് 9-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം സമാപിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവാണ് ധ്യാനം നയിക്കുന്നത്. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും കാര്യമായ അസൗകര്യം ഉണ്ടെങ്കിൽ മുൻകൂട്ടി രൂപത കാര്യാലയത്തിൽ അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തിയ വിവരവും അറിയിക്കേണ്ടതാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കുപുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ഓർമ്മിക്കുമല്ലോ.

### 4. യുവജന ഞായർ - ജൂലൈ 5

ജൂലൈ 5-ാം തീയതി തിരുസഭ യുവജന ഞായറായി ആചരിക്കുന്നു. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടനകളിൽ ചേർന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

### 5. അഖണ്ഡജപമാല സമർപ്പണം

ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ അഖണ്ഡജപമാല സമർപ്പണം 26-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ജൂലൈ 16 വ്യാഴാഴ്ച ആരംഭിക്കുന്ന ജപമാല പ്രാർഥനായജ്ഞം ഒക്ടോബർ 24 ശനിയാഴ്ച സമാപിക്കുന്നു.

### 6. വി. അൽഫോൻസാ തീർഥാടനം - ജൂലൈ 21

ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേയ്ക്കുള്ള രൂപതാതല തീർഥാടനം ജൂലൈ 21 നാണ്. അന്നേദിവസം രാവിലെ 11.00 ന്, വിശുദ്ധയുടെ കബറിടത്തിങ്കൽ അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സാധിക്കുന്ന എല്ലാ വൈദികരും സമർപ്പിതരും അത്മായരും പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

### 7. വി. ജൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ - ജൂലൈ 25

“ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും” എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് വി. ജൊവാക്കീം-അന്ന ദമ്പതികളുടെ

തിരുനാൾ ദിവസമായ ജൂലൈ 26 ആഗോളസഭ ഗ്രാന്റ് പേരൻസ് ഡേ ആയി ആചരിക്കുന്നു. നമ്മുടെ ഇടവകകളിലെ ഗ്രാന്റ് പേരൻസിനെ ആദരിക്കുവാനും അവർക്കുവേണ്ടി പ്രാർഥിക്കുവാനും ദൈവജനത്തെ ഓർമിപ്പിക്കേണ്ടതാണ്.

### 8. അഭിവന്ദ്യ പിതാവിന്റെ ജന്മദിനം - ജൂലൈ 26

ജൂലൈ 26-ാം തീയതി നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ജന്മദിനമാണല്ലോ. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

### 9. വി. അൽഫോൻസാമ്മയുടെ തിരുനാൾ - ജൂലൈ 28

രൂപതയുടെ മധ്യസ്ഥയായ വി. അൽഫോൻസയുടെ തിരുനാൾ ജൂലൈ 28 നാണ്. നമ്മുടെ രൂപതയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയും വിശുദ്ധയുടെ മാധ്യസ്ഥ്യംതേടി നമുക്ക് പ്രാർഥിക്കാം.

### 10. വൈദിക ദിനം, വൈദിക ക്ഷേമനിധി

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളായ ആഗസ്റ്റ് 4-ാം തീയതി വൈദികദിനമായി ആചരിക്കുന്നു. ബഹു. വൈദികർക്കുവേണ്ടി പ്രാർഥിക്കുവാനും ആശംസകളർപ്പിക്കുവാനും പരിശ്രമിക്കുമല്ലോ.

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള ഇടവകാംഗങ്ങളുടെ സംഭാവനകൾ സ്വീകരിക്കുന്നതിനു വിതരണം ചെയ്യാനുള്ള കവറുകൾ വാർഷികധ്യാനത്തോടനുബന്ധിച്ച് ബഥാനിയ ധ്യാനകേന്ദ്രത്തിൽ എത്തിക്കുന്നതാണ്. ബഹുമാനപ്പെട്ട അച്ചന്മാർ ഓരോ ഇടവകയിലേക്കും ആവശ്യമായ കവറുകൾ കൊണ്ടുപോകാൻ ശ്രദ്ധിക്കുമല്ലോ. വൈദികക്ഷേമനിധിയിലേക്കുള്ള സംഭാവനകൾ ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച സ്തോത്രക്കാഴ്ചയായി സമർപ്പിക്കുവാനുള്ള കവറുകൾ നേരത്തെതന്നെ ഭവനങ്ങളിലെത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

### 11. സ്വാഗതം

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷയിലേക്ക് പുതിയതായി കടന്നു വരുന്ന ബഹു. അഗസ്റ്റ്യൻ കുറൂർ എം.സി.ബി.എസ് അച്ചന് വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

ഫോൺ: +91 9074353796

### 12. ആദരാഞ്ജലികൾ

ബഹു. ജോൺ മൂലയിൽ അച്ചന്റെ പ്രിയ മാതാവ് **ഏലി ജോൺ (95)** 2026 ജൂൺ 10 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 11-ാം തീയതി കുപ്പായക്കോട് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ച നാനിയിൽ പിതാവ് കാർമികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗ ങ്ങളോടും പ്രത്യേകിച്ച് ബഹു. ജോണച്ചനോടും രൂപതാകുടുംബ ത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തി ക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

### 13. സ്മരണാഞ്ജലി

| | | |
|---|---|---|
| 15.07.1999 | - | റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ |
| 16.07.1981 | - | റവ. ഫാ. അബ്രാഹം മൂക്കനോലിൽ |
| 18.07.2010 | - | **റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ** |
| 23.07.2019 | - | **റവ. ഫാ. ജോർജ് കഴിക്കച്ചാലിൽ** |
| 26.07.2003 | - | റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ |
| 27.07.2008 | - | **റവ. ഫാ. മാത്യു പൊയ്യക്കര** |
| 28.07.1970 | - | റവ. ഫാ. ജേക്കബ്ബ് വെള്ളക്കട |
| 29.07.2024 | - | **റവ. ഫാ. മാത്യു ഒണയാത്തൻകുഴി** |
| 30.07.2012 | - | **റവ. ഫാ. ജോസ് മണിമലത്തറപ്പിൽ** |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# പാവനസ്മരണയ്ക്ക്



ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ
18.07.2010



ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ
23.07.2019



ഫാ. മാത്യു പൊയ്യക്കര
27.07.2008



ഫാ. മാത്യു ഓണയാത്തൻകുഴി
29.07.2024



ഫാ. ജോസ്
മണിമലത്തറപ്പിൽ
30.07.2012

# DECREE

## Eparchy of Thamarassery

**Order No. 266/2026**

## Constitution of the XIII Pastoral Council

I, Mar Remigiose Inchananiyil, Bishop of Thamarassery, hereby constitute the XIII Pastoral Council of Eparchy of Thamarassery consisting of the following members. The duration of this council will be from 13 June 2026 to 31 May 2029.

### XIII Pastoral Council 2026

**President : Mar Remigiose Inchananiyil**

Vice President (Protosyncellus) : Msgr. Abraham Vayalil

**Ex-Officio Members**

| | |
|---|---|
| Msgr. Abraham Vayalil | Protosyncellus |
| Fr. Sebastian Kavalakkattu | Chancellor |
| Fr. George Mundanattu | Finance Officer |
| Fr. Thomas Nagaparambil | Consultor |
| Fr. Mathew Pulimoottil (Sr) | Consultor |
| Fr. James Vamattathil | Consultor |
| Fr. John Oravumkara | Consultor |
| Fr. Johnson Kocheelath | Consultor |
| Fr. Sebastian Purayidathil | Consultor |
| Fr. Kuriakose Thayyil | Consultor |
| Fr. Joseph Palakkatt | Consultor |
| Fr. Antony Varakil | Judicial Vicar |
| Fr. Kurian Thannickal | Rector, Minor Seminary |
| Fr. Biju John Vellakkada CMI | Provincial Superior, CMI |

| | |
|---|---|
| Fr. Johnson Varakaparambil CST | Provincial Superior, CST |
| Fr. Mathew Thekkemuryil MCBS | Provincial Superior, MCBS |
| Sr. Elsy Vadakkemury MSMI | Superior General |
| Sr. Tina SKD | Superior General |
| Sr. Lisetta SFN | Superior General |
| Sr. Soja MSMI | Provincial Superior |
| Sr. Pavithra CMC | Provincial Superior |
| Sr. Reena Tom SH | Provincial Superior |
| Sr. Lilly Francis FCC | Provincial Superior |
| Sr. Anice Kumbalanthanath SABS | Provincial Superior |
| Sr. Sheela MSJ | Provincial Superior |
| Sr. Jees DPMT | Provincial Superior |
| Fr. Thomas Chilampikunnel | Proto-Presbyter |
| Fr. Francis Vellamackal | Proto-Presbyter |
| Fr. Joseph Chundayil | Proto-Presbyter |
| Fr. Antony Chennikkara | Proto-Presbyter |
| Fr. Sebastian Karakkattu | Proto-Presbyter |
| Fr. Simon Kizhakkekunnel | Proto-Presbyter |
| Fr. Vincent Kandathil | Proto-Presbyter |
| Fr. John Moolayil | Proto-Presbyter |
| Fr. Wilson Muttathukunnel | Proto-Presbyter |
| Fr. George Kalappurackal | Proto-Presbyter |
| Fr. Kuriakose Iykolambil | Rector, Kulathuvayal |
| Fr. Dennis Patteruparambil MCBS | Rector, Sanathana |
| Fr. Joseph Thekkumkattil | Director, PMOC, Family Apostolate |
| Fr. Thomas Parankulangara | Director, COD |
| Fr. John Pallickavayalil | Director, Catechism |
| Fr. Varghese Panackal | Director, SMM |
| Fr. Roni Paul Kavil | Director, Bethania |
| Fr. Kurian Cherusseril | Director, KCYM - SMYM |
| Fr. Jose Pennaparambil | Director, Pro-Life Movement |
| Fr. Kurian Puramadom | Director, John Paul II Institute |
| Fr. Chacko Mundackal | Director, Communication Media |

| | |
|---|---|
| Fr. George Karintholil | Director, CML, SMART |
| Fr. Kurian Thalachirakuzhiyil | Director, OASIS |
| Fr. Joseph Pulichamakkal | Director, ALPHA |
| Fr. Sebastian Pattassery | Director, Vianney Priest Home |
| Fr. Abraham Srambickal | Director, Bible Apostolate |
| Fr. Mathew Kulathingal | Director, Pain & Palliative |
| Fr. Jacob Kizhakkeveettil | Director, START |
| Fr. Scaria Mangarayil | Manager, Alphonsa College |
| Fr. Augustine Machukuzhiyil | Director, Temperance |
| Fr. Mathew Thoomullil | Director, AKCC |
| Fr. Mathew Mulangassery | Director, Renewal Movement |
| Fr. Jacob Puthenpurackal | Resident Manager, Deepika |
| Fr. George Vellackakudiyil | Director, AIDER Edu-Care |
| Fr. George Narivelil | Director, CAMP |
| Sr. Udaya CMC | President, FST |
| Dr. Chacko Kalaparambil | President, AKCC |
| Mr. Albin Kakkanattu | President KCYM |
| Mr. Issac Parakkulangara | President, SVDP |
| Mr. Brony Nambiyaparambil | President, Infam |
| Mr. Jino Tharapputhottiyil | President, CML |
| Mr. George Vattukalam | President, DFC |
| Mr. Shaju Kanjirathinkal | Coordinator, Charismatic |
| Mr. Raju Mangalasseril | Coordinator, Christeen Ministry |
| Mrs. Mary Paulose | President, Judit Forum |
| Mr. Prakash Mathew Pulickekara | President, Family Units |
| Mr. Joel Benny Poovathinkal | Coordinator, Jesus Youth |
| Mr. Mathew Therakam | President, Pain and Palliative |
| Mr. Sajeev Purayidathil | President, Pro-Life Movement |
| Mr. Shiju M. Joseph Muttunkal | Rep. Catechism |
| Mrs. Elsamma K.C. Cherthalackal | President, Mathruvedi |
| Mr. Kurian Chempanani | President, Temporance Movement |
| Mrs. Geethu Mendalz | Rep. Corporate Educational Agency |
| Mr. Bony Jacob | Rep. Corporate Educational Agency |

| | |
|---|---|
| Mr. Sujith Joseph | Rep. Corporate Educational Agency |
| Ms. Swapna Varghese | Rep. Corporate Educational Agency |

**Elected Members from Presbyteral Council**

Fr. Kuriakose Mukala
Fr. Jacob Vallikunnel

**Elected Members**

**Vilangadu Forane**

| | |
|---|---|
| Fr. Jacob Plakoottam | Priest Rep. |
| Mr. Johnson Dominic Olickal | Vilangad |
| Mr. Abhilash K. Babu Kudippara | Manjakunnu |
| Ms. Divya Eyyalil | Paloor |
| Ms. Anu Joseph Ottapunnackel | Valook |

**Maruthomkara Forane**

| | |
|---|---|
| Fr. Augustine Pattany | Priest Rep. |
| Mr. Jobin Joseph Eravuchira | Maruthomkara |
| Mrs. Anjali Bijo Venakuzhiyil | Maruthomkara |
| Mr. Thomas C.J. Chirakadavil | Poothampara |
| Mrs. Sonia Kumbidiyankal | Kunduthode |

**Koorahundu Forane**

| | |
|---|---|
| Fr. Abraham Valloppilly | Priest Rep. |
| Mr. Johnson Koyikkakunnel | Kakkayam |
| Ms. Vincy Thundiyil | Koorachundu |
| Ms. Tessy Francis Thoomkuzhy | Peruvannamoozhy |
| Mr. Amal Joseph Chittattukuzhi | Kallanode |

**Thamarassery Forane**

| | |
|---|---|
| Fr. George Kalathoor | Priest Rep. |
| Mr. Shibu Thomas Neyissarithundiyil | Engapuzha |
| Mr. Saneesh P.S. Parokkaran | Kakkavayal |
| Ms. Darly Jaison Thalakkottoor | Balussery |
| Ms. Linta Lowrence | Koodathai |

**Paroppady Forane**

| | |
|---|---|
| Fr. Varghese Kalathoor | Priest Rep. |

| | |
|---|---|
| Dr. Jose John Mallikasseri | Devagiri |
| Ms. Gracy Babu Kadankavil | Ashokapuram |
| Mr. Dixin Paulson Poruthukaran | Paroppady |
| Ms. Athulya Roy Puthoor Ayinickal | Amalapuri |
| **Kodanchery Forane** | |
| Fr. James Kuzhimattathil | Priest Rep. |
| Mr. Jestin Tharappel | Kodanchery |
| Mr. Brijesh Philip Puthenpurakkal | Valiakolly |
| Mr. Dolly Vettikkamalayil | Theyyappara |
| Ms. Ann Rose Kuzhimattathil | Chembukadavu |
| **Thiruvambady Forane** | |
| Fr. George Karukamalil | Priest Rep. |
| Mr. Thomas Valiyaparamban | Thiruvambady |
| Mrs. Jaqueline Jaison Chathamkandam | Mukkam |
| Mr. Justin Simon Thoomullil | Vilakkamthode |
| Ms. Amenta Shaji Adappoorputhenpura | Anackampoyil |
| **Thottumukkam Forane** | |
| Fr. Joseph Vadakkel | Priest Rep. |
| Mr. Saji Mathew Mattathil | Pushpagiri |
| Mrs. Divya Shibu Thadathil | Thottumukkam |
| Mr. Pranoy Mathew Kollathupadavil | Valillapuzha |
| Ms. Mini Jolly Paikkattu | Pushpagiri |
| **Perinthalmanna Forane** | |
| Fr. Varghese Chakkalackal CMI | Priest Rep. |
| Mr. Sebastian Lamannil | Nenmeni |
| Mr. Jain Varghese Anickal | Perinthalmanna |
| Ms. Molamma Olikkara | Vettathure |
| Ms. Saritha C. Mathew Vakasseril | Ponniyamkurissi |
| **Malappuram Forane** | |
| Fr. Jacob Koyipurath | Priest Rep. |
| Adv. Saju George Emprayil | Manjeri |
| Mr. Rohan Jacob Thuruthumalil | Oorakam |

| | |
|---|---|
| Mrs. Aniamma Thomas Mattakottil | Manjeri |
| Ms. Lilly Antony Alackal | Malappuram |
| **Karuvarakundu Forane** | |
| Fr. Thomas Pulayamparambil | Priest Rep. |
| Mr. Manoj Mathew Kandankeril | Karuvarakundu |
| Mrs. Gloriamma Thekkumthottam | Adackakundu |
| Mr. Rajin Jose Molath | Kalikavu |
| Anna Maria Biju Nedumpurath | Karuvarakundu |
| **Mariyapuram Forane** | |
| Fr. Abraham Mazhuvanchery | Priest Rep. |
| Mr. Joseph K.M. Koothrappally | Paloorkotta |
| Mr. Joicy George Valolickal | Mariyapuram |
| Mr. Joby Mattathil | Kuttippram |
| Ms. Tincy Sebastian Puriyottu | Cheerattamala |

**Kulathuvayal Pilgrim Centre**

Mr. Shaju Kizhakkumpuram

**Religious Representation**

Fr. Peter Marottikkathadam CMI
Fr. George Munjanattu OCD
Fr. Sebastian Kizhakkayil MST
Fr. Johnson Arassery OFM Cap.
Fr. Jino Perinchery CST
Sr. Julie Augustine SCSC
Sr. Seena Anto SH
Sr. Rose Illiparambil SD
Sr. Anupama SKD
Sr. Emilin SABS
Sr. Rosmy John MSMI
Sr. Jeslin CMC
Sr. Liya SFN
Sr. Leena DPMT

**Nominated Members**

Fr. Antony Karikunnel
Mr. Benny Luckose
Mr. James Jacob Kynady
Mr. Abraham Pinakkatt
Mr. Mathew Nellikkayath
Mr. Benny Mathew Pulickekara
Mr. Jose Kynady
Capt. Sebastian Perumpallikaden
Mr. Thomas Kuruvila Karimattathil
Mr. John Joseph Thamarakkattu
Mr. Joy Kannanchira
Adv. Joseph Abraham Thadathil
Adv. Beena Joseph Palayur
Adv. Shibu George Kattakkayam
Mrs. Milly Mohan Kottarathil
Mrs. Treesa Njaralakkattu
Mrs. Semily Sunil Arackaparambil
Mr. A. J. Babu Arenkavil
Mr. Majush Mathew
Mr. C.D. Varkey Chiriyankandath
Mr. Tomy Peruvilangattu
Mr. Rajesh Parathalackal
Mr. Prince Antony Vathalloorkalayil

**Given from the Eparchial Curia on 10 June 2026.**

✠ **Remigiose Inchananiyil**
Bishop of Thamarassery

# ആദരാഞ്ജലികൾ

## സി. ട്രീസ FCC



ചങ്ങനാശ്ശേരി അതിരൂപത മീങ്കുളം ഇടവക ആനിത്തോട്ടത്തിൽ മത്തായി- മറിയം ദമ്പതികളുടെ ഒൻപത് മക്കളിൽ നാലാമത്തെ സന്താനമായ സി. ട്രീസ 1943 നവംബർ 21 ന് ജനിച്ചു. ചമ്പക്കുളം മാർത്തോമാ ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ സി പഠനവും, അഞ്ചൽ പ്രസാദ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഹിന്ദി ഭൂഷൻ യോഗ്യതയും നേടി ചെമ്പന്തൊട്ടി ചെറുപുഷ്പം യു.പി സ്ക്കൂളിൽ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. എഫ്.സി.സി സഹോദരിമാരോടൊന്നിച്ചുള്ള ജീവിതം സി. ട്രീസായ്ക്ക് സന്യാസത്തിലേയ്ക്കുള്ള തന്റെ ഉൾവിളി തിരിച്ചറിയാൻ കാരണമായി. കുന്നോത്ത് സെന്റ് മേരീസ് നൊവിഷ്യേറ്റ് ഹൗസിൽ അർത്ഥിനിയായി പ്രവേശിച്ച സിസ്റ്റർ സന്യാസ പരിശീലനം പൂർത്തിയാക്കി 1974 മെയ് 2 ന് സഭാവസ്ത്രം സ്വീകരിച്ചു. 1980 മെയ് 22 ന് നിത്യവ്രതവാഗ്ദാനം നടത്തി തന്റെ ജീവിതം പൂർണ്ണമായി നാഥനായി സമർപ്പിച്ചു.

അനിതരസാധാരണമായ ശാന്തപ്രകൃതിയും, എളിയ ജീവിതശൈലിയും സിസ്റ്ററിന്റെ സ്വഭാവപ്രത്യേകതകളായിരുന്നു. വിദ്യയോടൊപ്പം വിശ്വാസവും ധാർമികമൂല്യങ്ങളും കുട്ടികൾക്ക് പകർന്നു കൊടുക്കുന്നതിൽ എന്നും മുൻപന്തിയിലായിരുന്നു. 1996 ൽ അധ്യാപന വൃത്തിയിൽ നിന്നും വിരമിച്ചെങ്കിലും സഭ നിയോഗിച്ച ഇടങ്ങളിലെല്ലാം വിശ്വസ്തതയോടെയും അർപ്പണമനോഭാവത്തോടെയും ഏറെ ശാന്തതയോടെയും വ്യാപരിക്കാൻ സിസ്റ്ററിനു സാധിച്ചു. ഈരൂട് മഠത്തിൽ വിശ്രമജീവിതം നയിച്ച് സിസ്റ്റർ ട്രീസ, ജൂൺ 6 ശനിയാഴ്ച്ച ഉച്ചയ്ക്ക് 12 മണിയോടുകൂടി പ്രിയപ്പെട്ടവരുടെ സാന്നിധ്യത്തിൽ തന്റെ സ്വർഗീയ ഗേഹത്തിലേയ്ക്ക് പറന്നുയർന്നു.

ആരെയും വേദപ്പിക്കാതെ വളരെ ശാന്തമായി ജീവിക്കുകയും ചെയ്ത സി. ട്രീസയുടെ ആത്മാവിന് കാരുണ്യവാനായ ദൈവം നിത്യസൗഭാഗ്യം നല്കി അനുഗ്രഹിക്കട്ടെ.

# പതിമൂന്നാം പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ യോഗ റിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ പതിമൂന്നാം പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ യോഗം 13.6.2026 ന് രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അധ്യക്ഷതയിൽ രൂപത ഭവൻ ഓഡി റ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ ചെറുശ്ശേരിൽ നയിച്ച പ്രാർഥന ശുശ്രൂഷയോടെ ആരംഭിച്ച യോഗത്തിനു രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ സ്വാഗതം ആശംസിച്ചു. നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ട മുൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായ ഫാ. മാത്യു മറ്റകോട്ടിൽ, ബഹു. സിസ്റ്റേഴ്സ്, ശ്രീ. സെബാസ്റ്റ്യൻ കരിമാക്കിൽ എന്നിവർക്ക് സമ്മേളനം ആദരാഞ്ജലികൾ അർപ്പിച്ചു. പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗ റിപ്പോർട്ട് സെക്രട്ടറി ശ്രീ. ബെന്നി ലൂക്കോസ് അവതരിപ്പിക്കുകയും കൗൺ സിൽ അത്  അംഗീകരിക്കുകയും ചെയ്തു.

പതിമൂന്നാം പാസ്റ്ററൽ കൗൺസിലിലെ മുഴുവൻ അംഗങ്ങളെയും പ്രത്യേകം സ്വാഗതം ചെയ്തുകൊണ്ടാണ് അഭിവന്ദ്യ പിതാവ് അധ്യ ക്ഷ പ്രസംഗം ആരംഭിച്ചത്. കൗൺസിലിന്റെ പ്രാധാന്യവും ചുമതല കളും നിയമാവലിയുടെ അടിസ്ഥാനത്തിൽ വിശദീകരിച്ച പിതാവ് സാധാരണഗതിയിൽ വർഷത്തിൽ രണ്ട് പ്രാവശ്യം ചേരുന്ന കൗൺ സിൽ യോഗങ്ങളിൽ എല്ലാവരും മുടങ്ങാതെ പങ്കെടുക്കാൻ ശ്രദ്ധി ക്കണമെന്നു ആഹ്വാനം ചെയ്തു. പാസ്റ്ററൽ കൗൺസിലിന്റെ നിർദ്ദേശ ങ്ങളും അഭിപ്രായങ്ങളും വൈദിക സമിതിയിലും ഇതര കമ്മറ്റികളി ലും ചർച്ചചെയ്ത് നടപ്പിൽ വരുത്തുന്നതാണ്. സഭയിൽ വ്യക്തിഗത മായ അഭിപ്രായങ്ങളെക്കാൾ പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ അം ഗങ്ങൾ കൂട്ടായി ചിന്തിച്ചും പ്രാർഥിച്ചും എടുക്കുന്ന തീരുമാനങ്ങൾ ക്കാണ് പ്രസക്തി ഉള്ളതെന്നും കാർഷികമേഖല തകർച്ചയിലായി രിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ബദൽ മാർഗങ്ങൾ തേട

ണമെന്നും വ്യാപാരങ്ങളും സ്വയം സംരംഭങ്ങളും പ്രോത്സാഹിപ്പിക്കണമെന്നും ഉദ്ബോധിപ്പിച്ചു. മൂന്നുവർഷത്തെ ഒരുക്കങ്ങളോടെയും പ്രാർഥനകളോടെയും നടത്തിയ റൂബി ജൂബിലി കർമ്മ പദ്ധതികളും സമാപന സമ്മേളനവും ദൈവാനുഗ്രഹപ്രദമായിരുന്നു. പത്തുവർഷത്തിനുശേഷം ആഗതമാകുന്ന രൂപതയുടെ സുവർണ്ണ ജൂബിലിയുടെ ഒരുക്കമായി ഇത് മാറട്ടെയെന്നും പിതാവ് ആശംസിച്ചു. രൂപതയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന വിവിധ കർമ്മ പദ്ധതികളെ യോഗത്തിൽ പിതാവ് പരിചയപ്പെടുത്തി. Raise to IAS, കർഷകർക്കായുള്ള സഹകരണ സംഘം TAFCOS, Aider ഫൗണ്ടേഷൻ എന്നിവയെപ്പറ്റി പരാമർശിച്ച പിതാവ് പാദുവായിലെ വി. അന്തോണീസിന്റെയും മാതാവിന്റെ വിമല ഹൃദയത്തിന്റെയും തിരുനാൾ ആശംസകൾ നേർന്നുകൊണ്ടാണ് പ്രഭാഷണം അവസാനിപ്പിച്ചത്.

പതിമൂന്നാം പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തത് കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ പ്രസിഡണ്ട് പ്രൊഫ. രാജീവ് കൊച്ചുപറമ്പിലാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ആശംസകൾ നേർന്ന അദ്ദേഹം താമരശ്ശേരി രൂപതയുമായും അഭിവന്ദ്യ റെമീജിയോസ് പിതാവുമായുള്ള തന്റെ ആത്മബന്ധം സൂചിപ്പിച്ചുകൊണ്ട് ഉദ്ഘാടന പ്രസംഗം ആരംഭിച്ചു. അല്മായരെ വളർത്തുന്നതിൽ പിതാവ് പ്രകടിപ്പിക്കുന്ന പ്രത്യേക കരുതലിനും ശ്രദ്ധക്കും അദ്ദേഹം നന്ദി പറഞ്ഞു. അല്മായരുടെ പ്രശ്നങ്ങളിൽ ഇടപെടാനുള്ള സഭയുടെ തീക്ഷ്ണതയാണ് സമുദായ ശക്തീകരണ വർഷം പ്രഖ്യാപിക്കാൻ കാരണമായത്. നമ്മുടെ വിശ്വാസം ധീരതയോടെ പ്രഘോഷിക്കാനും സാക്ഷ്യം വഹിക്കാനും നാം തയ്യാറാകണമെന്ന് ഉദ്ബോധിപ്പിച്ച അദ്ദേഹം, ഒറ്റയ്ക്ക് വളരുകയും ഒരുമിച്ച് തളരുകയും ചെയ്യുന്ന സമുദായം എന്ന ആക്ഷേപം നാം അഭിമുഖീകരിക്കുന്ന യാഥാർഥ്യമാണെന്നു വ്യക്തമാക്കി. നമ്മുടെ സമുദായത്തിന്റെ ശക്തിയും പ്രസക്തിയും പ്രാധാന്യവും നാം വേണ്ടപോലെ മനസ്സിലാക്കുന്നില്ല. ജീവിതത്തിന്റെ വിവിധ മേഖലകളിൽ വിജയം നേടിയവരും ഉന്നത പദവി അലങ്കരിക്കുന്നവരുമായ അനേകം സമുദായാംഗങ്ങൾ ലോകമെമ്പാടുമുണ്ട്. നമ്മുടെ സമൂഹത്തെ സ്നേഹിക്കുകയും സമുദായത്തിന്റെ ചരിത്രവും പാരമ്പര്യവും മുൻകാല സംഭാവനകളും നേട്ടങ്ങളും ഗൗരവമായി പഠന വിഷയമാക്കുകയും ചെയ്യണം.

സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് നമ്മുടെ പെൺമക്കളാണ് വിദേശരാജ്യങ്ങളിൽ പോയി നഴ്സിംഗ് ജോലി ചെയ്ത് കുടുംബങ്ങളെ ഭദ്രമായി നിലനിർത്തിയത്. കുടിയേറ്റക്കാരായ നമ്മെ കൈയേറ്റക്കാരായി ചിത്രീകരിക്കുന്ന പ്രവണത അടുത്തകാലത്തായി വർദ്ധിച്ചുവരുന്നുണ്ട്. ഒളിഞ്ഞുകിടക്കുന്ന അപകടങ്ങളും ചതിക്കുഴികളും തിരിച്ചറിയാൻ സമുദായാഗംങ്ങൾക്ക് സാധിക്കണം. ഒത്തൊരുമയും കെട്ടുറപ്പുമുണ്ടെങ്കിൽ മാത്രമേ സമുദായം നിലനിൽക്കുകയുള്ളൂ. മാധ്യമ വിചാരണ നടത്താനും അസത്യങ്ങൾ പ്രചരിപ്പിക്കാനും ക്രൈസ്തവ വിരുദ്ധതയും നിരീശ്വരവാദവും പ്രചരിപ്പിക്കാനും സിനിമയുടെയും കലാരൂപങ്ങളുടെയും മറവിൽ ചിലർ നടത്തുന്ന ഗൂഢ അജണ്ട നാം തിരിച്ചറിയുകയും പ്രതികരിക്കുകയും ശക്തമായി പ്രതിരോധിക്കുകയും ചെയ്യണം. സമൂഹമാധ്യമങ്ങൾ കൈകാര്യം ചെയ്യുമ്പോഴും പുതുതലമുറയോട് ഇടപെടുമ്പോഴും  അതീവ ശ്രദ്ധ പുലർത്തണം. 2000 വർഷത്തെ പാരമ്പര്യം ഉള്ള ഒരു സമുദായത്തിന്റെ പിൻതലമുറക്കാരായ നമ്മൾ ഭൗതിക, രാഷ്ട്രീയ, ഭരണ മേഖലകളിൽ സജീവ സാന്നിധ്യമായി മാറണമെന്ന ആഹ്വാനത്തോടെയാണ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടന പ്രഭാഷണം സമാപിപ്പിച്ചത്. രൂപത ട്രഷറർ ഫാ. ജോർജ് മുണ്ടനാട്ട് ആശംസകളർപ്പിച്ചു സംസാരിച്ചു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ പരിചയപ്പെടുത്തലിനുശേഷം അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ തിരഞ്ഞെടുപ്പ് നടന്നു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി പെരിന്തൽമണ്ണ ഫൊറോനാംഗമായ ഡോ. ട്രീസ ലിസ് സെബാസ്റ്റ്യൻ, അജണ്ട കമ്മിറ്റി അംഗങ്ങളായി ഫാ. പീറ്റർ മരോട്ടിക്കത്തടം സി.എം.ഐ., സി. ഉദയ സി.എം.സി., ശ്രീ. മാജുഷ് മാത്യു, അഡ്വ. ബീന ജോസ് എന്നിവരെ തിരഞ്ഞെടുത്തു. സമുദായ ശക്തീകരണ വർഷത്തിൽ, താമരശ്ശേരി രൂപത നടപ്പിൽ വരുത്തുന്ന 'സമുദായ സമുന്നതി' പ്രൊജക്ട് വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ അവതരിപ്പിക്കുകയും ഫാ. സബിൻ തൂമുള്ളിൽ പദ്ധതി വിശദീകരിക്കുകയും ചെയ്തു.

പാസ്റ്ററൽ കൗൺസിലിലെ പൊതു ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. പ്രകൃതി ദുരന്തങ്ങളിൽ ഇടപെടുന്നതിനായി ഇടവകകളിൽ RRT ടീം രൂപീകരിക്കണമെന്നും, കോഴിക്കോട് മെഡിക്കൽ

കോളേജിൽ എം.ബി.ബി.എസ്. പ്രവേശനത്തിന് നിലനിന്നിരുന്ന മലബാർ മെറിറ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും, വിയറ്റ്നാം കുരുമുളക് കൃഷി പ്രചരിപ്പിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ പങ്കുവച്ചു. രൂപതയിൽ സ്പോർട്സ് ഫൗണ്ടേഷൻ സ്ഥാപിക്കണമെന്നും, സർക്കാർ ആശുപത്രികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ താൽക്കാലിക നിയമനം നമ്മുടെ സമുദായാംഗങ്ങൾക്ക് നേടിയെടുക്കാൻ നടപടികൾ സ്വീകരിക്കണമെന്നും, ജോലിക്കാരായ മാതാപിതാക്കളുടെ മക്കൾക്കുവേണ്ടി stay back ഫെസിലിറ്റി ഇടവകകളിൽ ആരംഭിക്കണമെന്നും കൃഷിയോടൊപ്പം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണമെന്നുമുള്ള അഭിപ്രായങ്ങൾ ശൂന്യവേളയിൽ ചർച്ചയായി. രൂപതയിലെ അവിവാഹിതരായ ആൺകുട്ടികൾക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അനുയോജ്യരായ പെൺകുട്ടികളെ കണ്ടെത്താനുള്ള സംവിധാനം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും വിശദീകരിച്ചു.

സ്പോർട്സ് അക്കാദമിക്ക് സ്ഥലം കണ്ടെത്തി സ്ഥാപനം ആരംഭിക്കാൻ പ്രാവീണ്യമുള്ള അല്മായർ മുന്നോട്ടുവരണമെന്നും സർക്കാരിന്റെ താൽക്കാലിക ജോലികൾ ലഭ്യമാക്കുന്നതിന് താല്പര്യമുള്ളവരുടെ ഒരു ടീം രൂപീകരിക്കണമെന്നും, കുടിയേറ്റ പ്രദേശങ്ങളിൽ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആശുപത്രികൾകോളേജുകൾ തുടങ്ങിയവ സ്ഥാപിക്കണമെന്നും, ഇടവകകളിൽ വിവിധ സംഘടനകളുടെ സംയുക്ത യോഗങ്ങൾ സംഘടിപ്പിക്കണമെന്നും അഭിപ്രായം ഉയർന്നുവന്നു. സഭയുടെയും രൂപതയുടെയും പ്രവർത്തനങ്ങൾ ഷോർട്ട് ഫിലിം ഡോക്യുമെന്ററി രൂപത്തിൽ കുട്ടികളിലേക്ക് എത്തിക്കേണ്ടതിലേക്കും മതപഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിനെക്കുറിച്ചും കൗൺസിലിന്റെ ശ്രദ്ധ ക്ഷണിച്ചു.

രൂപതയുടെ നേതൃത്വത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് കോമൺ ലൈസൻസ് ലഭ്യമാക്കേണ്ടതും, രൂപതയുടെ നേതൃത്വത്തിൽ അല്മായരുടെ പങ്കാളിത്തത്തിൽ സ്കിൽഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കേണ്ടതും, സ്പെഷ്യൽ എക്കണോമിക്സ് സോൺ ആരംഭിക്കേണ്ടതും ചർച്ചക്ക് വിധേയമായി. ത്രിതല പഞ്ചായത്ത് അംഗങ്ങളെ നമ്മുടെ പ്രൊജക്റ്റുകളുടെ ഭാഗമാക്കണമെന്നും, നിലവിലുള്ള

സംരംഭങ്ങൾ തുടരാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സർക്കാർ നിയമനങ്ങളിൽ സഭയോട് കൂറുള്ളവർ ഉണ്ടാകണമെന്നും പി.എസ്.സി. സംവരണ ലിസ്റ്റിൽ നമ്മുടെ സമുദായം ഉൾപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, ഇൻഫാം മാർക്കറ്റ്, സൺഡേ മാർക്കറ്റ് തുടങ്ങിയവ രൂപീകരിക്കുന്നതിന് താല്പര്യമുള്ള കർഷകരുടെ ഗ്രൂപ്പുകൾ ആരംഭിക്കണമെന്നും ജോബ് പോർട്ടൽ ആരംഭിച്ച്, ജോബ് ഫെയർ സംഘടിപ്പിക്കണമെന്നുമുള്ള അഭിപ്രായങ്ങൾ വളരെ പ്രസക്തമായിരുന്നു. ആവശ്യബോധം ഇല്ലാത്തതുകൊണ്ടും പലപ്പോഴും മുതിർന്നവർ മുൻവിധിയോട് കൂടി മാറ്റി നിർത്തുന്നതുകൊണ്ടുമാണ് യുവജനങ്ങൾ സമുദായ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നതെന്ന നിരീക്ഷണവും കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സിസിഗ്ലോബൽ കരിയേഴ്സ് എന്ന ജോബ് പോർട്ടലിനെ പറ്റിയുള്ള വിശദവിവരങ്ങളും ശൂന്യവേളയിൽ വിശദീകരിച്ചു.

അംഗങ്ങളുടെ സജീവമായ ഇടപെടലുകൾ സ്വാഗതം ചെയ്ത അഭിവന്ദ്യ പിതാവ് കൗൺസിലിന്റെ നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് യോഗത്തെ അറിയിച്ചു.

ബഹുമാനപ്പെട്ട വൈദികരായ സെബാസ്റ്റ്യൻ കിഴക്കയിൽ MST, ജെയിംസ് കുഴിമറ്റത്തിൽ, സെബാസ്റ്റ്യൻ കാവളക്കാട്ട് എന്നിവർ രചിച്ച ഗ്രന്ഥങ്ങൾ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.

പതിമൂന്നാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടന സമ്മേളനത്തിന് സെക്രട്ടറി ഡോ. ട്രീസാ ലിസ് സെബാസ്റ്റ്യൻ നന്ദി പ്രകാശിപ്പിച്ചു. ത്രികാല ജപത്തിനുശേഷം അഭിവന്ദ്യ പിതാവിന്റെ ശ്ലൈഹീക ആശിർവാദത്തോടെ പതിമൂന്നാം പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗ നടപടികൾ പര്യവസാനിക്കുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്**
ജന.സെക്രട്ടറി

**ഡോ. ട്രീസ ലിസ് സെബാസ്റ്റ്യൻ**
സെക്രട്ടറി

# വിശ്വാസപരിശീലനം

## വിശ്വാസപരിശീലന വർഷാരംഭം

"അവൻ നിങ്ങളോട് പറയുന്നതു ചെയ്യുവിൻ" (യോഹ 2:5) എന്ന മതബോധന പ്രമേയവുമായി 2026 – 2027 വിശ്വാസപരിശീലന വർഷം ജൂൺ 7 ഞായറാഴ്ച്ച ആരംഭിച്ചു. ഓരോ ഇടവകകളിലും വിശ്വാസപരിശീലനവർഷാരംഭം ഉദ്ഘാടനം ചെയ്യുകയും, കുട്ടികളെ എഴുത്തിന് ഇരുത്തുകയും കുടുംബവിശ്വാസപരിശീലനം ആരംഭിക്കുകയും ചെയ്തു. അന്നേ ദിവസം രാത്രി കുടുംബങ്ങളിൽ തിരി തെളിച്ച് മാതാപിതാക്കൾ കുട്ടികൾക്കായി പ്രാർഥന നടത്തുകയും മാതാവിന്റെ വിമലഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തു.

## അധ്യാപകരുടെ സമ്മേളനവും ഒരുക്കവും

2026 മെയ് 31 ഞായറാഴ്ച്ച ഓരോ ഇടവകയിലേയും വികാരിയച്ചൻമാരുടെ അധ്യക്ഷതയിൽ അധ്യാപകർ ഒരുമിച്ചുകൂടുകയും, സ്റ്റാഫ് മീറ്റിങ് നടത്തുകയും, ഓരോ ക്ലാസ്സിലേക്കുമുള്ള അധ്യാപകരെ നിയമിക്കുകയും, വിശ്വാസപരിശീലന വർഷം കൂടുതൽ സജീവമാക്കാനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു. അന്നേദിവസം അധ്യാപകർ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. ബഹു.വികാരിയച്ചന്മാർ വിശ്വാസപരിശീലകരെ ആശീർവദിച്ച് നല്ല തുടക്കത്തിനായി ആത്മീയമായി ഒരുക്കി.

## ലൂമിന: വിലങ്ങാട്

2026–2027 വിശ്വാസപരിശീലന വർഷത്തെ 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള ലൂമിന പ്രോഗ്രാം ആരംഭിച്ചു. ജൂൺ 14 ഞായറാഴ്ച്ച വിലങ്ങാട് മേഖലയിലെ യുവജനങ്ങൾക്കായുള്ള ലൂമിന പ്രോഗ്രാം വിലങ്ങാട് ഫൊറോന ദേവാലയത്തിൽ നടന്നു. 72 യുവജനങ്ങൾ പങ്കെടുത്തു.

## ലൂമിന: കൂടരഞ്ഞി

2026 –2027 വിശ്വാസ പരിശീലനവർഷത്തെ രണ്ടാമത്തെ ലൂമിന 2026 ജൂൺ 21 ഞായറാഴ്ച നടന്നു. ബഹു. വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ശ്രീ. ബർണാഡിന്റെ നേതൃത്വത്തിലുള്ള ലൂമിന ടീം പ്രോഗ്രാമിന് നേതൃത്വം കൊടുത്തു. 130 യുവജനങ്ങൾ പ്രോഗ്രാമിൽ പങ്കെടുത്തു.

## ആമുഖ സെമിനാർ

ഈ വർഷത്തെ ആമുഖ സെമിനാർ ജൂൺ 26,27,28 തിയതികളിൽ നടന്നു. ഏകദേശം 95 നവാഗതരായ അധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു. രൂപത റിസോഴ്സ് ടീം പ്രോഗ്രാമിന് നേതൃത്വം കൊടുത്തു. മോൺ. അബ്രാഹം വയലിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാവ് ആരാധനക്രമ വിശ്വാസ പരിശീലനത്തെക്കുറിച്ച് അധ്യാപകർക്ക് ക്ലാസ്സ് എടുത്തു. പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ നൽകി.

## ACC 13,14,15 Online Class

ACC 13 : "ബൈബിൾ ദൈവനിവേശിത ഗ്രന്ഥം" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ് പുത്തൻപുരക്കലും, "തോമാശ്ലീഹാ ഭാരതത്തിലെത്തിയതിനു തെളിവുകൾ" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോർജ് പുരയിടത്തിലും ക്ലാസ്സ് എടുത്തു.

ACC 14 : "ബൈബിൾ എന്തിനു വായിക്കണം" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ് പുത്തൻപുരക്കലും, "ഏകദൈവവിശ്വാസം ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം" എന്ന വിഷയത്തെക്കുറിച്ച് ഫാ. ജോർജ് പുരയിടത്തിലും ക്ലാസ്സ് എടുത്തു.

ACC 15 : "ക്രിസ്തീയ ജീവിതത്തിൽ വചനത്തിന്റെ പ്രാധാന്യം", "ത്രിത്വൈക ദൈവവിശ്വാസം യുക്തിഭദ്രമോ" എന്നീ വിഷയങ്ങളെ കുറിച്ച് ശ്രീ. ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## വചനവായന പദ്ധതി

1000 ദിവസങ്ങൾകൊണ്ട് സമ്പൂർണ്ണ ബൈബിൾ മുഴുവനായി വായിക്കുന്ന Bible Journey എന്ന വചനവായന പദ്ധതി ജൂൺമാസം ഒന്നാം

തിയതി ആരംഭിച്ചു. 1334 അദ്ധ്യായങ്ങളുള്ള സമ്പൂർണ്ണ ബൈബിളിന്റെ ആദ്യത്തെ 30 അദ്ധ്യായങ്ങൾ ജൂൺ 1 മുതൽ 30 വരെ ദിവസങ്ങൾ കൊണ്ട് വായിച്ചു പൂർത്തിയാക്കി. ധാരാളം വിശ്വാസപരിശീലകരും സന്ന്യസ്തരും കുട്ടികളും ഈ പ്രോഗ്രാമിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

## സൺഡേസ്കൂൾ സന്ദർശനം

മെയ് 31 ഞായറാഴ്ച വെറ്റിലപ്പാറ ഇടവകയിലും ജൂൺ 7 ഞായർ വാളൂക്ക് ഇടവകയിലും മതബോധന ഡയറക്ടർ സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. ജൂൺ 7 ഞായർ വാളൂക്ക് ഇടവകയിൽ തിരി തെളിച്ച് മതബോധന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും കുട്ടികൾക്കും മാതാപിതാക്കൾക്കും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## Parents Forum

താമരശ്ശേരി രൂപതയിലെ മതബോധന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കുവേണ്ടി 3 online സംഗമങ്ങൾ നടന്നു. Zoom, Youtube, പ്ലാറ്റ്ഫോമിലൂടെ 3 ദിവസങ്ങളിലായി നടന്ന പ്രോഗ്രാം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഫാ. ഡോ. കുര്യൻ പുരമഠത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. ഏകദേശം 7000 കുടുംബങ്ങൾ പ്രോഗ്രാമിൽ പങ്കെടുത്തു.

## JULY 2025

| | | |
|---|---|---|
| 04.07.26 | ശനി | - പ്രാഥമിക റിപ്പോർട്ട്, മതാധ്യാപക സർവേ, വാർഷിക റിപ്പോർട്ട് (2024-2025) എന്നിവ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി, Power cell 1 - തിരൂർ സെന്റർ (കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ) |
| 05.07.26 | ഞായർ | - ലൂമിന 3 - കോടഞ്ചേരി മേഖല- 1 @ ചെമ്പുകടവ് (ചെമ്പുകടവ്, കണ്ണോത്ത്, കുപ്പായക്കോട്) |
| 11.07.26 | ശനി | - Power Cell 2 മഞ്ഞക്കടവ് (കൂടരഞ്ഞി, വിളക്കാംതോട്, കുളിരാമുട്ടി, പൂവാറൻതോട്, മഞ്ഞക്കടവ്) |
| 12.07.26 | ഞായർ | - ACC 13, 14, 15 Online Class - 3 |

| | |
|---|---|
| | ലൂമിന 4: തോട്ടുമുക്കം - 1 @ മരഞ്ചാട്ടി (കക്കാടംപൊയിൽ, വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, കോനൂർക്കണ്ടി, പുഷ്പഗിരി, മരംഞ്ചാട്ടി) |
| 13.07.26 തിങ്കൾ | - Power Cell 3 : കുറ്റിപ്പുറം സെന്റർ (മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം,മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട) |
| 15.07.26 ബുധൻ | - Power Cell 4 : കരികണ്ടൻപാറ സെന്റർ (കൂരാച്ചുണ്ട്, കരികണ്ടൻപാറ, പാത്തിപ്പാറ, കാറ്റുള്ളമല) |
| 16.07.26 വ്യാഴം | - Power Cell 5 : മുതുകാട് (ചക്കിട്ടപാറ, കുളത്തുവയൽ, മുതുകാട്, പേരാമ്പ്ര, പെരുവണ്ണാമൂഴി, നരിനട) |
| 18.07.26 ശനി | - HCC, ACC ക്ലാസുകളിലെ ആപ്ലിക്കേഷൻ ഫോമുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി |
| 19.07.26 ഞായർ | - ലൂമിന 5 : താമരശ്ശേരി - 1 @ താമരശ്ശേരി (താമരശ്ശേരി, കൂടത്തായ്, ബാലുശ്ശേരി, ചമൽ, കട്ടിപ്പാറ, കൂമുള്ളി, വയലിട) |
| 20.07.26 തിങ്കൾ | - Power Cell 6 : തെയ്യപ്പാറ (കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കണ്ണോത്ത്, കുപ്പായക്കോട്) |
| 22.07.26 ചൊവ്വ | - Power Cell 7 : നെൻമേനി സെന്റർ (പെരിന്തൽമണ്ണ, താഴേക്കോട്, വെട്ടത്തൂർ, നെൻമേനി, ഒറവുംപുറം, പൊന്ന്യാംകുറിശ്ശി) |
| 25.07.26 ശനി | - വി. യാക്കോബ് ശ്ലീഹാ, വി. യൊവാക്കിമും വി. അന്നയും (വയോധിക ദിനം) |
| 26.07.26 ഞായർ | - ലൂമിന 6 : തിരുവമ്പാടി മേഖല - 2 @ പുല്ലൂരാംപാറ (പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ്) ACC 13, 14, 15 Online Class 4 |
| 27.07.26 തിങ്കൾ | - Power Cell 8 : പൂഴിത്തോട് സെന്റർ (മരുതോങ്കര, ചെമ്പനോട, കുണ്ടുതോട്, പടത്തുകടവ്, പശുക്കടവ്, പൂഴിത്തോട്) |
| 29.07.26 ബുധൻ | - Power Cell 9 : @ അടക്കാകുണ്ട് സെന്റർ (കരു |

വാരകുണ്ട് മേഖലയിലെ മുഴുവൻ ഇടവകകളും)
30.07.26 വ്യാഴം – Power Cell 10 : വയലട സെന്റർ (കല്ലാനോട്, കക്കയം, , കരിയാത്തുംപാറ, തലയാട്, വയലട)

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# മീഡിയ കമ്മീഷൻ

## ഡിജിറ്റൽ യുഗത്തിലെ സുവിശേഷവത്കരണം – പരിശീലനം

'ഡിജിറ്റൽ യുഗത്തിലെ സുവിശേഷവത്കരണം' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന പ്രത്യേക പരിശീലന പരിപാടി ജൂലൈ 18ന് മേരിക്കുന്ന് പിഎംഒസിയിൽ നടക്കും.

## മലബാർ വിഷൻ

ജൂലൈ ആഗസ്റ്റ് ലക്കം യൂത്ത് സ്പെഷ്യൽ പതിപ്പായാണ് ജൂലൈ ആഗസ്റ്റ് ലക്കം പുറത്തിറങ്ങുന്നത്.

2024, 2025 വർഷങ്ങളിലെ മലബാർ വിഷൻ വരിസംഖ്യ ഇനിയും നല്കാനുള്ള ഇടവകകൾ എത്രയും വേഗം അടയ്ക്കുമല്ലോ. മലബാർ വിഷനിൽ പരസ്യങ്ങൾ നൽകാൻ ഈ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്: രജിൻ ജോസ് – 9497564558 (മാർക്കറ്റിങ് ഹെഡ്), ഓഫീസ് –9744995553.

ഹാലോ ടിവി, വെവ്സ് മീഡിയ വിശുദ്ധരുടെയും, പ്രധാനപെട്ട തിരുനാളുകളുടെയും വോയിസ് ഓവർ വീഡിയോ കവറേജ്, രൂപതയുമായി ബന്ധപ്പെട്ട് നടക്കുന്ന പരിപാടികളുടെ വീഡിയോ കവറേജും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രസിദ്ധീകരിക്കുന്നു.

**ഫാ. ചാക്കോ മുണ്ടയ്ക്കൽ**
ഡയറക്ടർ, മീഡിയ കമ്മീഷൻ

# സെമിനാരി വാർത്തകൾ

2026-27 വർഷത്തെ സെമിനാരി പരിശീലനത്തിനായി അവധിക്ക് ശേഷം രണ്ടും മൂന്നും വർഷ വിദ്യാർഥികൾ മെയ് 31 ന് സെമിനാരി യിൽ തിരിച്ചെത്തി.

**മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 32-ാം ചരമവാർഷികം**

താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ചരമവാർഷികമായിരുന്ന ജൂൺ 11-ാം തീയതി കത്തീഡ്രലിൽ നടന്ന വി.കുർബാനയിൽ എല്ലാ വൈദിക വിദ്യാർഥികളും പങ്കെടുക്കുകയും അനുസ്മരണ ചടങ്ങി ൽ ഭക്തിപൂർവം പങ്കുകൊള്ളുകയും ചെയ്തു.

**ഒന്നാം വർഷക്കാർക്ക് സ്വാഗതം**

വൈദിക പരിശീലനത്തിന്റെ മാധുര്യം നുകരുവാനായി ഈശോ യോടുള്ള അഗാധമായ സ്നേഹത്തെപ്രതി ദൈവവിളിയുടെ ഉൾക്കൊമ്പ് തേടി 16 വിദ്യാർഥികൾ ജൂൺ 13-ാം തീയതി അൽ ഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു.

**പുതുതായി കടന്നുവന്നവർ:**

1. Bro. Kurian Oril -Kattippara
2. Bro. Chacko Pathalil -Malaparambu
3. Bro. Abel Kizhakkayil -Koodaranhi
4. Bro. Thomas Murinjakallel -Kattullamala
5. Bro. Albert Thekkeputhenpurayil -Thottumukkam
6. Bro. Kurivila Pulickapadavil -Thottumukkam
7. Bro. Austin Muthuplackal -Valiyakolly

8. Bro. Bazil Illickal -Erude
9. Bro. Francis Ovelil -Mariapuram
10. Bro. Jacob Kadalkarottu -Chevayoor
11. Bro. Abraham Mundackal -Vilakkamthode
12. Bro. Joseph Animoottil -Kannoth
13. Bro. Joyal Thanikkal -Poothampara
14. Bro. Joyal Kocheril -Kulathuvayal
15. Bro. Renil Naduparambil - Koodaranhi
16. Bro. Scaria Unnukallel -Valiyakolly

### നവാഗത ദിനം

ആദ്യവർഷക്കാർ എത്തിച്ചേർന്നതിനെ തുടർന്ന് സെമിനാരിയെ കൂടുതൽ പരിചയപ്പെടുന്നതിനും അവരുടെ ഉല്ലാസത്തിനുമായി സെമിനാരി ബാസ്കറ്റ്ബോൾ കോർട്ടിൽ വിവിധങ്ങളായ ഗെയിമുകളും പരിപാടികളും നടത്തി.

### അധ്യയന വർഷാരംഭം

ജൂൺ പതിനഞ്ചാം തീയതി അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് ദിവ്യബലിയർപ്പിച്ച് 2026-27 അധ്യയന വർഷം ആരംഭിച്ചു. 11 മണിക്ക് നടന്ന പൊതുസമ്മേളനത്തിൽ രൂപത ഫിനാൻസ് ഓഫീസർ ഫാ. ജോർജ് മുണ്ടനാട്ട് അക്കാദമിക വർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് മാർ ലിയോ പതിനാലാമൻ മാർപാപ്പയുടെ ആദ്യ ചാക്രിക ലേഖനം 'മാഗ്നിഫിക്ക ഹ്യൂമാനിത്താസ്' അടിസ്ഥാനമാക്കി ക്ലാസ് നയിക്കുകയും ചെയ്തു.

### വായന വാരാചരണം

ജൂൺ 19, വായന ദിനത്തോടനുബന്ധിച്ച് വായനാദിന ക്വിസ് നടത്തി. വായനാദിന പോസ്റ്റർ, വായന മത്സരം, എഴുത്തുകാരെ പരിചയപ്പെടുത്തൽ, പ്രസംഗം, കഥാമത്സരം, പുസ്തക പരിചയം തുടങ്ങി വിവിധ പരിപാടികളോടെ വായന വാരാചരണം നടന്നു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## പ്രവർത്തന വർഷം ഉദ്ഘാടനം

'സഭയെ സ്നേഹിക്കാം ലോകത്തിൽ സാക്ഷികളാകാം' എന്ന പഠന വിഷയവുമായി 2026-27 പ്രവർത്തന വർഷ ഉദ്ഘാടനം ജൂൺ 7 ഞായറാഴ്ച കട്ടിപ്പാറ ശാഖയിൽ നടത്തി. പതാക വന്ദനത്തോടെ ആരംഭിച്ച പരിപാടിയിൽ വർണ്ണ ശബളമായ പ്രേഷിതറാലി നടത്തി. രൂപത പ്രസിഡന്റ് ശ്രീ. ജിനോ മാത്യു തറപ്പുതോട്ടിയിലിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ.ജോർജ് കരിന്തോളിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സെന്റ് അൽഫോൻസ മൈനർ സെമിനാരി റെക്ടർ ഫാ. കുര്യൻ താന്നിക്കൽ ഉദ്ഘാടനകർമ്മം നിർവഹിച്ച യോഗത്തിൽ മുൻ രൂപത ഡയറക്ടറും കട്ടിപ്പാറ വികാരിയുമായ ഫാ. പ്രിയേഷ് തേവടിയിൽ, ശാഖ ജൂനിയർ പ്രസിഡന്റ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് രൂപത ഡയറക്ടർ ഫാ. ജോർജ് കരിന്തോളിൽ വി. കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

## പ്രവർത്തനവർഷ ഉദ്ഘാടനവും വീഡിയോ തയ്യാറാക്കലും

2026-27 പ്രവർത്തന വർഷ ഉദ്ഘാടനം ജൂൺ 7ന് ശാഖ തലങ്ങളിൽ നടത്തുകയും പ്രവർത്തനവർഷ ഉദ്ഘാടന വീഡിയോ തയ്യാറാക്കുകയും ചെയ്തു. വീഡിയോ നിർമാണമത്സരത്തിൽ കട്ടിപ്പാറ ശാഖ ഒന്നാം സ്ഥാനവും കണ്ണോത്ത്, താമരശ്ശേരി ശാഖകൾ രണ്ടാം സ്ഥാനവും പയ്യനാട്, കുന്നമംഗലം ശാഖകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പങ്കെടുത്ത എല്ലാവർക്കും വിജയിച്ചവർക്കും അഭിനന്ദനങ്ങൾ

## ലോക പരിസ്ഥിതി ദിനം

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് താമരശ്ശേരി രൂപതയിലെ

ചെറുപുഷ്പ മിഷൻ ലീഗ്, തിരുബാലസഖ്യം അംഗങ്ങൾ യൂണിറ്റ് തലത്തിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ പള്ളിപ്പരിസരങ്ങളിൽ ഫലവൃക്ഷങ്ങളും തണൽമരങ്ങളും നട്ടുപിടിപ്പിക്കുകയും വീഡിയോ തയ്യാറാക്കി നൽകുകയും ചെയ്തു.

### കയ്യെഴുത്തു മാസിക തയ്യാറാക്കൽ മത്സരവിജയികൾ

'ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായി' എന്ന പഠന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ കയ്യെഴുത്ത് മാസിക തയ്യാറാക്കാൻ മത്സരത്തിൽ കുപ്പായക്കോട് ശാഖ ഒന്നാം സ്ഥാനവും തിരുവമ്പാടി, പുഷ്പഗിരി ശാഖകൾ രണ്ടാം സ്ഥാനവും കോട്ടക്കൽ, കട്ടിപ്പാറ ശാഖകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പയ്യനാട്, മരിയാപുരം, കാക്കവയൽ, വേനപ്പാറ, കല്ലാനോട്, തോട്ടുമുക്കം ശാഖകൾ പ്രോത്സാഹന സമ്മാനത്തിന് അർഹരായി.

### മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം

താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തി വരുന്ന മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം ജൂൺ 21 ഞായറാഴ്ച വിവിധ മേഖല കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. രണ്ട് പ്രായ വിഭാഗങ്ങളിലായി നടത്തിയ മത്സരത്തിൽ എല്ലാ മേഖലകളിൽ നിന്നും കുഞ്ഞു മിഷനറിമാർ പങ്കെടുത്തു.

### മേഖലാതല മാനേജിംഗ് കമ്മിറ്റി

2026-27 പ്രവർത്തന വർഷ ഉദ്ഘാടനവും മേഖല മാനേജിംഗ് കമ്മിറ്റിയും ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് സംഗമവും വിവിധ മേഖല കേന്ദ്രങ്ങളിൽ ജൂൺ 21 ഞായറാഴ്ച നടത്തി.

### ആദരാഞ്ജലികൾ

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി തലശ്ശേരി രൂപതകളിൽ ആദ്യകാല പ്രേഷിതനും സംഘടനയെ ആദ്യകാലങ്ങളിൽ നയിച്ചവരിൽ പ്രമുഖ വ്യക്തിയുമായിരുന്ന സെബാസ്റ്റ്യൻ കരിമാക്കി സാറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന,

അന്തർദേശീയ, രൂപത, മേഖല ഭാരവാഹികൾ പങ്കെടുക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

### കുഞ്ഞേട്ടൻ സ്കോളർഷിപ്പ് അപേക്ഷ

2025-2026 അധ്യായന വർഷത്തിൽ പത്താം ക്ലാസിൽ വാർഷിക പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് (Full A+) നേടുകയും ചെറുപുഷ്പ മിഷൻ ലീഗിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികൾക്കായി സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുകയും മേഖലകളിൽ നിന്നും തിരഞ്ഞെടുത്തത് രൂപത ഓഫീസിൽ എത്തിക്കുകയും ചെയ്തു.

### തിരുബാലസഖ്യം

കുട്ടികൾക്കായി എല്ലാ ആഴ്ചയും ജീസസ് ടോക്ക് നൽകി വരുന്നു. വിശുദ്ധരെ പരിചയപ്പെടുത്തി, സുകൃത ജപങ്ങൾചൊല്ലി അവരെ ഈശോയിലേയ്ക്ക് അടുപ്പിക്കുന്നു.

പാദുവായിലെ വി. അന്തോണിസ്, തിരുഹൃദയ തിരുന്നാൾ, വി. സ്നാപക യോഹന്നാൻ ശ്ലീഹാ എന്നീ വിശുദ്ധരെ ജൂൺ മാസം കുട്ടികളെ പരിചയപ്പെടുത്തി.

- തിരുഹൃദയ വണക്ക മാസത്തിനോട് അനുബന്ധിച്ച് എല്ലാ ദിവസവും തിരുഹൃദയ നാളം വീഡിയോ കുട്ടികൾ ചെയ്യുന്നു.
- തിരുബാലസഖ്യ സംഘടനയുടെ പ്രവർത്തനവർഷാരംഭം ഇടവകകളിൽ നടത്തുകയുണ്ടായി.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

## മദ്ബഹ ശുശ്രൂഷ സംഘം (SMART)

**പ്രവർത്തന വർഷ ഉദ്ഘാടനം :** SMART രൂപതാതല പ്രവർത്തന വർഷ ഉദ്ഘാടനം താമരശ്ശേരിമേരി മാതാ കത്തീഡ്രലിൽ ജൂൺ 21 ഞായറാഴ്ച്ച കത്തീഡ്രൽ വികാരി ബഹുമാനപ്പെട്ട തോമസ് ചിലമ്പിക്കുന്നേൽ അച്ചൻ നിർവഹിച്ചു.

**ദിവ്യനാദം :** എല്ലാ മാസവും SMART അംഗങ്ങൾക്കായി കർമ്മ പദ്ധതികൾ 'ദിവ്യനാദം' നൽകാൻ ആരംഭിച്ചു. കുട്ടികളെ മാസത്തിലൊരിക്കൽ ഒരുമിച്ച് കൂട്ടുകയും യൂണിറ്റുകളിൽ നൽകിയിരിക്കുന്ന റിപ്പോർട്ട് ബുക്കുകളിൽ പ്രവർത്തനങ്ങൾ യൂണിറ്റ് സെക്രട്ടറി എഴുതുകയും ചെയ്യേണ്ടതാണ്.

**തിരിനാളം :** SMART അംഗങ്ങൾക്ക് മാസത്തിൽ രണ്ട് തവണ പഠനത്തിനായി (വചനം, സുകൃതജപം, പ്രാർത്ഥനാ നിയോഗം) എന്നിവ നല്കുന്ന 'തിരിനാളം' പദ്ധതിക്ക് തുടക്കം കുറിച്ചു.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, മദ്ബഹ ശുശ്രൂഷ സംഘം

## ജീസസ് ഫ്രട്ടേണിറ്റി

ജൂൺ 7,21 ഞായറാഴ്ചകളിൽ തവനൂർ സെൻട്രൽ ജയിലിൽ വി. കുർബാനയും അനുതാപ ശുശ്രൂഷയും നടത്തി. കോഴിക്കോട് ജില്ലാ ജയിലിൽ എല്ലാ ആഴ്ചയിലും പ്രാർഥന സംഘടിപ്പിക്കുന്നുണ്ട്. ജൂലൈ 13 ന് പി.എം.ഒ.സി യിൽ നടന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് പ്രോഗ്രാമിൽ 2 ഭാരവാഹികൾ പങ്കെടുത്തു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# CAMP

## മാനസികാരോഗ്യ രംഗത്ത് പുതിയ പ്രതീക്ഷയായി വേനപ്പാറ ക്യാമ്പ്

മാനസികാരോഗ്യ സംരക്ഷണത്തിനും കൗൺസിലിംഗ് സേവനങ്ങൾക്കും പ്രാധാന്യം നൽകി പ്രവർത്തിക്കുന്ന ക്യാമ്പ് (Calicut Centre for Advanced Mental Health and Psychotherapy) സമൂഹത്തിൽ ശ്രദ്ധേയമായ ഇടപെടലുകളുമായി മുന്നേറുന്നു. 2026 ജൂൺ 6ന് അഭിവന്ദ്യ മാർ റെമിജിയൂസ് പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട വെഞ്ചിരിപ്പ് ശുശ്രൂഷയോടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. രൂപത ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട്, ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോതെറാപ്പി ഡയറക്ടർ ഫാ. കുര്യൻ പുരമഠം, ഡയറക്ടർ ഫാ. ജിതിൻ നരിവേലിൽ, കോടഞ്ചേരി ഫൊറോന വികാരി ഫാ. ജോൺ ഒറവുങ്കര, മീഡിയാ കമ്മീഷൻ ഡയറക്ടർ ഫാ. ലിൻസ് മുണ്ടക്കൽ തുടങ്ങിയവർ പങ്കെടുത്തു.

ഡയറക്ടർ ഫാ. ജോർജ് നരിവേലിയുടെ നേതൃത്വത്തിലും, ഫാ. കുര്യൻ പുരമഠത്തിലിന്റെ മേൽനോട്ടത്തിലും, സി. ഡോ. റോസ്ബെൽ സി.എം.സി (Clinical Psychologist, M.Phil., Ph.D., RCI Licensed), മരിയ ജോസഫ് (MSW – Medical & Psychiatry Counsellor), ആര്യ എ. (Consultant Psychologist, MSc Psychology) എന്നിവരുടെ സേവനങ്ങളോടുകൂടി ക്യാമ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നേറുകയാണ്.

ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി വേനപ്പാറ ലിറ്റിൽ ഫ്ളവർ യു.പി. സ്കൂളിൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യം എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ ക്ലാസും വിളക്കാംതോട് എം.എ.എം. എൽ.പി./യു.പി. സ്കൂളിൽ വിദ്യാർത്ഥികൾക്കായി പ്രത്യേക ആർട്ട് തെറാപ്പി വർക്ക്ഷോപ്പും സംഘടിപ്പിച്ചു.

**ഫാ. ജോർജ് നരിവേലിൽ**
ഡയറക്ടർ, ക്യാമ്പ്

# കെ.സി.വൈ.എം- എസ്.എം.വൈ.എം.

**സോണൽ ക്യാമ്പ് : മലപ്പുറം, കരുവാരകുണ്ട്, മരിയാപുരം, പെരിന്തൽമണ്ണ**

സീറോ മലബാർ സഭയുടെ സമുദായ ശക്തീകരണ വർഷത്തിൽ, കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ മലപ്പുറം, കരുവാരകുണ്ട്, മരിയാപുരം, പെരിന്തൽമണ്ണ മേഖലകളുടെ സോണൽ ക്യാമ്പ് 2026 മെയ് 23, 24 ദിവസങ്ങളിൽ പുത്തനങ്ങാടി, സെന്റ് മേരീസ് കോളേജിൽ നടത്തപ്പെട്ടു. 4 മേഖലകളിൽ നിന്നുമായി നൂറോളം യുവജനങ്ങൾ പങ്കെടുത്തു. മരിയാപുരം ഫൊറോന വികാരി ഫാ. ജോർജ് കളപ്പുരക്കൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. അഖിൽ ജോസഫ്, ആൽബിൻ പി.സി., ഡെൽവിൻ സിറിൽ, ആഗി ജോസഫ്, ജോയൽ ഷാജി, ആഷ്ലിൻ വർഗീസ് എന്നിവർ നേതൃത്വം നൽകി. രൂപത ഡയറക്ടർ ഫാ. ജ്യോതിസ് ചെറുശ്ശേരിൽ, രൂപത പ്രസിഡന്റ് ആൽബിൻ കാക്കനാട്ട്, രൂപത ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**സോണൽ ക്യാമ്പ് : വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട്**

വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട് മേഖലകളുടെ സോണൽ ക്യാമ്പ് 2026 മെയ് 26, 27 ദിവസങ്ങളിൽ പശുക്കടവ്, സെന്റ് ബെനഡിക്ട്സ് കോളേജിൽ നടത്തപ്പെട്ടു. 3 മേഖലകളിൽ നിന്നുമായി നൂറ്റിയിരുപതോളം യുവജനങ്ങൾ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. നോർബി വിതയത്തിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നാദാപുരം നിയോജകമണ്ഡലം എംഎൽഎ കെ എം അഭിജിത്ത് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജ്യോതിസ് ചെറുശ്ശേരിൽ, രൂപത പ്രസിഡന്റ് ആൽബിൻ കാക്കനാട്ട്, രൂപതാ ആനിമേറ്റർ സി. റൊസീൻ SABS, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ബിൽഹാ മാത്യു, റിച്ചാർഡ് ജോൺ, അലോണ ജോൺസൺ, എറിൻ വർഗീസ്, സെബിൻ അബ്രഹാം, അതുല്യ ബെന്നി,

സെബിൻ ജോർജ്, ആഗസ് അബ്രഹാം എന്നിവർ നേതൃത്വം നൽകി

### ജീവധമനി : രക്തദാന ക്യാമ്പ് തിരുവമ്പാടി

കെ.സി.വൈ.എംഎസ്.എം.വൈ.എം തിരുവമ്പാടി യൂണിറ്റ് എം. വി.ആർ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ മെയ് 24ന് തിരുവമ്പാടി പാരിഷ് ഹാളിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. തിരുവമ്പാടി ഫൊറോനാ വികാരി റവ. ഫാ. തോമസ് നാഗപറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. യുവാക്കളും മുതിർന്നവരും ഉൾപ്പെടെ നിരവധി ആളുകൾ രക്തം ദാനം ചെയ്ത ക്യാമ്പിലൂടെ ഏകദേശം 52 യൂണിറ്റ് രക്തം ശേഖരിക്കാൻ സാധിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം വഹിച്ചു.

### രക്തദാന, സൗജന്യ നേത്ര പരിശോധന ക്യാമ്പ്

കെ.സി.വൈ.എം, എസ് എം വൈ എം താമരശ്ശേരി കത്തീഡ്രൽ യൂണിറ്റും, മാതൃവേദി കത്തീഡ്രൽ യൂണിറ്റും, MVR ക്യാൻസർ സെന്ററും, മലബാർ മാക്സി വിഷനും സംയുക്തമായ സംഘടിപ്പിച്ച രക്തദാന സൗജന്യ നേത്ര പരിശോധന ക്യാമ്പ് 2026 മെയ് 24 ന് താമരശ്ശേരി കത്തീഡ്രലിൽ നടത്തപ്പെട്ടു. താമരശ്ശേരി കത്തീഡ്രൽ അസി. വികാരി ഫാ. ജോൺ കോനുക്കുന്നേൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എഴുപതോളം പേർ ക്യാമ്പിൽ പങ്കെടുത്തു.

### വെബിനാർ

താമരശ്ശേരി രൂപത എസ് സി വൈ എം എസ് എം വൈ എം സംഘടനയും പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി പരിശുദ്ധ പിതാവ് ലയോ പതിനാലാമൻ മാർപാപ്പയുടെ 'മാഗ്നിഫിക്ക ഹ്യുമാനിത്താസ്' എന്ന ആദ്യ ചാക്രിക ലേഖനത്തിന്റെ ഉള്ളടക്കം വിശകലനം ചെയ്തുകൊണ്ട് ജൂൺ 10ന് ഒരു വെബിനാർ സംഘടിപ്പിച്ചു. താമരശ്ശേരി രൂപത വൈദികനും സത്ന സെന്റ് എഫ്രേം മേജർ സെമിനാരി പ്രൊഫസറുമായ ഫാ. ഡോ. ഫിലിപ്പ് ചക്കുംമൂട്ടിൽ ക്ലാസ് നയിച്ചു. 130 ലധികം യുവജനങ്ങളും അൽമായരും സന്യസ്തരും ക്ലാസ്സിൽ പങ്കെടുത്തു. ഫാ. കുര്യൻ ചെറുശ്ശേരിൽ വെബിനാറിന് നേതൃത്വം നൽകി.

### Clean Drive

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം. താമ

രശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ജൂൺ 05 ന് താമരശ്ശേരി ടൗണും പരിസരവും വൃത്തിയാക്കി. മുപ്പതോളം യുവജനങ്ങൾ പങ്കെടുത്ത യജ്ഞം താമരശ്ശേരി കത്തീഡ്രൽ വികാരി ബഹു. ഫാ. തോമസ് ചിലമ്പിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിൽ, രൂപത പ്രസിഡണ്ട് ആൽബിൻ കാക്കനാട്ട്, ആനിമേറ്റർ സി. റൊസീൻ SABS, താമരശ്ശേരി യൂണിറ്റ് ഡയറക്ടർ ഫാ. എഡ്വിൻ കോനുകുന്നേൽ, താമരശ്ശേരി മേഖലാ പ്രസിഡണ്ട് ജിന്റോ എന്നിവർ സന്നിഹിതരായിരുന്നു. താമരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് യുവജനങ്ങളെ സന്ദർശിച്ച് ആശംസകൾ അറിയിച്ചു.

### സ്നേഹപൂർവം : കോടഞ്ചേരി മേഖല

താമരശ്ശേരി രൂപത കെ.സി.വൈ.എം ഒരുക്കിയിട്ടുള്ള ജൂൺ മാസത്തിലെ ഹൃദയപൂർവ്വം കെസിവൈഎം പൊതിച്ചോറ് വിതരണം കോടഞ്ചേരി മേഖലയുടെ ആഭിമുഖ്യത്തിൽ ജൂൺ 13, ശനിയാഴ്ച മെഡിക്കൽ കോളേജിൽ വച്ച് നടത്തി. വികാരിയച്ചന്മാരുടെ സഹകരണത്തോടെ യുവജനങ്ങൾ പൊതിച്ചോറിനുള്ള ഫണ്ട് സമാഹരണം നടത്തുകയും മുപ്പതോളം യുവജനങ്ങൾ 430 പൊതിച്ചോറുകൾ തയ്യാറാക്കുകയും, കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പരിസരത്ത് നിർധനരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വിതരണം ചെയ്യുകയും ചെയ്തു. കോടഞ്ചേരി മേഖല കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. നീരജ് കീഴേത്ത്, മേഖലാ ഡയറക്ടർ ഫാ. ജെറാൾഡ് പല്ലാട്ട് എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

### സ്നേഹപൂർവം : വേനപ്പാറ

ഹോളി ഫാമിലി ചർച്ച് വേനപ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്നേഹപൂർവ്വം കെ.സി.വൈ.എം. എന്ന പൊതിച്ചോർ വിതരണം 2026 ജൂൺ 13, ശനിയാഴ്ച, കോഴിക്കോട്, മെഡിക്കൽ കോളേജിൽ നടത്തി. 112 പൊതിച്ചോറുകൾ വിതരണം ചെയ്തു. വേനപ്പാറ പള്ളി വികാരി ബഹു. സജി മങ്കര അച്ചൻ ഉദ്ഘാടന കർമ്മം നിർവഹിച്ച യജ്ഞത്തിന് ഫാ. ജിതിൻ നരിവേലിൽ, യൂണിറ്റ് പ്രസിഡന്റ് ജെൻസ് മൈക്കിൾ, അനീഷ് കെ ജോസ് എന്നിവർ നേതൃത്വം കൊടുക്കുകയും ഇടവകയിലെ യുവജനങ്ങൾ അമ്മമാർ, സിസ്റ്റേഴ്സ് തുടങ്ങിയവർ പങ്കാളികളാവുകയും ചെയ്തു.

## ആനിമേറ്റർമാർക്കുള്ള പരിശീലന ശിബിരം

ആനിമേറ്റർമാർക്കുള്ള പരിശീലന ശിബിരം INSIEME - Together for Youth 2026 ജൂൺ 19, 20 ദിവസങ്ങളിൽ, താമരശ്ശേരി സാന്തോം സെമിനാരിയിൽ വെച്ച് നടത്തപ്പെട്ടു. രൂപത വികാരി ജനറാൾ ബഹു. ഫാ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്ത സംഗമത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വി. കുർബാന അർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു. ഫാ. കുര്യൻ ചെറുശ്ശേരിൽ, ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ഫാ. മെൽവിൻ വെള്ളക്കാകുടിയിൽ രൂപതാ സമിതി അംഗങ്ങൾ എന്നിവർ ക്ലാസുകൾ നയിച്ചു.

## ടാസ്ക് ഫോഴ്സ് പരിശീലനം

ദുരന്തമുഖങ്ങളിൽ കൂടെ ഉള്ളവർക്ക് തണലാകാൻ ദുരന്തനിവാരണ രംഗത്ത് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനായി KCYM - SMYM താമരശ്ശേരി രൂപത ടാക്സ് ഫോഴ്സും തിരുവമ്പാടി അൽഫോൻസാ കോളേജ് NSS യൂണിറ്റും സംയുക്തമായി മുക്കം ഫയർ ആൻഡ് റെസ്ക്യൂ ടീമിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ഏകദിന ടാസ്ക് ഫോഴ്സ് പരിശീലന ക്യാമ്പ് അൽഫോൻസാ കോളേജിൽ നടത്തപ്പെട്ടു. അൽഫോൻസാ കോളേജ് മാനേജർ ഫാ. ആൻറണി കാരികുന്നേൽ ഉദ്ഘാടനം നിർവഹിച്ചു. രൂപതാ സമിതി അംഗങ്ങളായ ഡെൽബിൻ സെബാസ്റ്റ്യൻ, ബോണി സണ്ണി, ചെൽസിയ മേരി മാത്യു എന്നിവർ നേതൃത്വം നൽകി.

## വി.തോമസ് മൂർ അനുസ്മരണവും കൂട്ടായ്മയും: കോടഞ്ചേരി

യുവജനങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ തോമസ് മൂറിന്റെ തിരുനാളിനോട് അനുബന്ധിച്ച്, ജൂൺ 21 ന് പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വേണ്ടി താമരശ്ശേരി രൂപത കെ.സി. വൈ.എം. ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് പാരിഷ് ഹാളിൽ പൊതുസമ്മേളനവും, വി. തോമസ് മൂർ അനുസ്മരണവും, കെ.സി.വൈ.എം. സംഘടനയിലേക്ക് പുതുതായി ചേരുന്ന യുവജനങ്ങളുടെ അംഗത്വ സ്വീകരണവും, പ്ലസ് ടു, പത്താം ക്ലാസ് പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും മെമെന്റോ വിതരണവും

നടത്തി. ബർണാഡ് കീരമ്പനാലിന്റെ നേതൃത്വത്തിൽ ക്ലാസും ഇന്ററാക്ടീവ് സെഷനും സംഘടിപ്പിച്ചു. എൻപതിലധികം കുട്ടികൾ യോഗത്തിൽ പങ്കെടുത്തു. വികാരി ഫാ. ജോൺ ഒറവുങ്കര അധ്യക്ഷത വഹിച്ച യോഗം ബഹുമാനപ്പെട്ട കുര്യൻ ചെറുശ്ശേരിലച്ചൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഫാ. എബിൻ കുറൂർ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഷിജു മുട്ടുങ്കൽ, കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് ആൽബിൻ കാക്കനാട്ട് എന്നിവർ ആശംസകൾ അറിയിച്ചു. കോടഞ്ചേരി കെ.സി.വൈ.എം. സംഘടനയുടെ പുതിയ ആനിമേറ്ററായി നിയമിതയായ ബഹു. സിസ്റ്റർ ജെസ്സി ജോസഫ് MLF നെ സ്വാഗതം ചെയ്തു. കോടഞ്ചേരി മേഖല കെ.സി.വൈ.എം പ്രസിഡണ്ട് നീരജ് കീഴേത്ത് നന്ദി അർപ്പിച്ചു.

## ബാഡ്മിന്റൺ ടൂർണ്ണമെന്റ്

തിരുവമ്പാടിതോട്ടുമുക്കം മേഖലകളുടെ ആഭിമുഖ്യത്തിൽ, 20 ജൂൺ ശനിയാഴ്ച, മേഖലാതല ഷർട്ടിൽ ടൂർണമെന്റ് സംഘടിപ്പിച്ചു. ഇരുപതോളം ടീമുകൾ മാറ്റുരച്ച മത്സരത്തിൽ തോട്ടുമുക്കം സ്മാഷ് ക്ലബ്ബിന്റെ A ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. തോട്ടുമുക്കം ഫൊറോന വികാരി ബഹു. ഫാ. ബെന്നി കാരക്കാട്ട് ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്തു. KCYM രൂപത ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിൽ സമ്മാനദാനം നിർവഹിച്ചു. തിരുവമ്പാടി, തോട്ടുമുക്കം മേഖലകളുടെ ഡയറക്ടർ അച്ചന്മാരുടെയും മറ്റു വൈദികരുടെയും സാന്നിധ്യം ഉണ്ടായിരുന്നു. തിരുവമ്പാടി തോട്ടുമുക്കം മേഖലകളുടെ കെസിവൈഎം പ്രസിഡന്റുമാർ നെവിൻ, അജിത് എന്നിവർ ടൂർണമെന്റിന് നേതൃത്വം നൽകി.

## യൂണിറ്റ് ക്യാമ്പുകൾ

സോണൽ ക്യാമ്പുകളുടെ തുടർച്ചയായി ജൂൺ 7 ഞായറാഴ്ച പുഷ്പഗിരി യൂണിറ്റിലും, ജൂൺ 14 ഞായറാഴ്ച കൂടരഞ്ഞി യൂണിറ്റിലും യൂത്ത് സംഗമങ്ങൾ സംഘടിപ്പിച്ചു. രണ്ട് സംഗമങ്ങൾക്കും രൂപത ഡയറക്ടർ ഫാ. ജ്യോതിസ് ചെറുശ്ശേരിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**ഫാ. കുര്യൻ ചെറുശ്ശേരിൽ**
ഡയറക്ടർ, കെ.സി.വൈ.എം-എസ്.എം.വൈ.എം

# ബഥാനിയ ധ്യാനകേന്ദ്രം

‘അവന്റെ മുറിവിനാൽ നിങ്ങൾ
സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു’ (1 പത്രോ 2,24)

ഈശോയുടെ തിരുഹൃദയമാസമായ ജൂൺമാസത്തിൽ തിരുഹൃദയനാഥന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ ബഥാനിയായിൽ വ്യത്യസ്തങ്ങളായ ശുശ്രൂഷകൾ ഒരുക്കപ്പെട്ടു. പുതിയ അധ്യയനവർഷ ശുശ്രൂഷകളിൽ ധാരാളം ആളുകൾ പങ്കെടുത്തു. ഈശോയുടെ തിരുഹൃദയതിരുനാളും മാതാവിന്റെ വിമലഹൃദയതിരുനാളും പ്രാർഥനാപൂർവ്വം ബഥാനിയായിൽ ആഘോഷിച്ചു. ജൂൺ മാസത്തെ ശുശ്രൂഷകളെല്ലാം ദൈവാനുഗ്രഹപ്രഥമായിരുന്നു.

## ധ്യാനങ്ങൾ

ജൂൺ മാസത്തിൽ രണ്ട് ധ്യാനങ്ങളാണ് ഉണ്ടായിരുന്നത്. 13-ാം തിയതി ശനിയാഴ്ച മുതൽ 14 ഞായറാഴ്ച വരെ നടത്തപ്പെട്ട ധ്യാനം ബഥാനിയ ശുശ്രൂഷകർക്കുവേണ്ടി മാത്രമുള്ളതായിരുന്നു. 2026 ജൂലൈ മുതൽ 2027 ജൂൺ വരെ ബഥാനിയായിൽ ശുശ്രൂഷ ചെയ്യുവാൻ താല്പര്യമുള്ളവർക്കുവേണ്ടിയുള്ള ധ്യാനമായിരുന്നു ഇത്. നിലവിലുള്ള ശുശ്രൂഷകരോടൊപ്പം പുതിയതായി കടന്നുവന്നവരുമുൾപ്പെടെ നൂറ്റിമുപ്പതോളം വ്യക്തികൾ ധ്യാനത്തിൽ പങ്കെടുത്തു. ജീവിതത്തിലെ ഒരു വർഷമെങ്കിലും ദൈവരാജ്യശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിച്ച് കടന്നുവന്നവർക്കുവേണ്ടി ഒരുക്കപ്പെട്ട ധ്യാനം വരും നാളുകളിൽ ബഥാനിയായ്ക്ക് പുത്തൻ ഉണർവ്വിന് കാരണമാകുമെന്ന് പ്രത്യാശിക്കുന്നു. മാനന്തവാടി രൂപതാംഗമായ ബഹു. തോമസ് വടശ്ശേരി അച്ചനാണ് ധ്യാനം നയിച്ചത്.

ഈ മാസം 19-ാം തിയതി മുതൽ 22-ാം തിയതി വരെ ആയിരുന്നു ജീവിത വിശുദ്ധീകരണ ധ്യാനം. ജീവിതത്തെ വിശുദ്ധീകരിച്ച് പരി

ശുദ്ധാത്മാവിന്റെ കൃപകളിൽ നിറയുവാനായി ഒരുക്കപ്പെട്ട ഈ ധ്യാനത്തിൽ അനേകം വിശ്വാസികൾ പങ്കെടുത്തു.

## ആദ്യവെള്ളി കൺവെൻഷൻ

ജൂൺ മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച പുതിയ അധ്യയനവർഷാരംഭ പ്രത്യേക പ്രാർഥനകൾ നടത്തി. രാവിലെ 9 മണിക്ക് ആരംഭിച്ച വെള്ളിയാഴ്ച ശുശ്രൂഷകളിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യ ശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദക്ഷിണം, വി. കുർബാന, വചന സന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു. നിരവധി ആളുകൾ പങ്കെടുത്തു. ദൈവാനുഗ്രഹത്തിന്റെ നിറവനുഭവമായിരുന്നു ആദ്യവെള്ളികൺവെഷൻ.

## ഏകദിന കൺവെൻഷൻ

ജൂൺ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. അനവധി ആളുകൾ പങ്കെടുത്തു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. ജൂൺ മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർഥനകൾ നടത്തി. രാവിലെ 9.30 ന് ആരംഭിച്ച വെള്ളിയാഴ്ച ശുശ്രൂഷകളിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യ ശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വചന സന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു.

## വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വി. കുർബാനകൾ ഉണ്ടായിരുന്നു. വിശുദ്ധ കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ക്രമീകരിച്ചിരുന്നു.

## സ്പിരിചൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർത്ഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർത്ഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർ

ഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിചൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

## അഖണ്ഡജപമാല സമർപ്പണം

ബഥാനിയാ ധ്യാനകേന്ദ്രത്തിലെ ഏറ്റവും വലിയ ആത്മീയ ശുശ്രൂഷയായ അഖണ്ഡ ജപമാല സമർപ്പണം ഈ വർഷം ഇരുപത്തിയാറാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ജൂലൈ മാസം പതിനാറാം തീയതി ആരംഭിച്ചു ഒക്ടോബർ മാസം ഇരുപത്തിനാലാം തീയതി അവസാനിക്കുന്ന രീതിയിലാണ് ഈ വർഷത്തെ അഖണ്ഡ ജപമാല ക്രമീകരിച്ചിരിക്കുന്നത്. 101 ദിനരാത്രങ്ങൾ നാം ഒന്നുചേർന്ന് പ്രാർഥിക്കുന്നത് പ്രത്യേക നിയോഗങ്ങളായ ലോകസമാധാനത്തിനും കുടുംബ വിശുദ്ധീകരണത്തിനും വേണ്ടിയാണ്.

**ജൂലൈ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 03 | വെള്ളി | - ഏകദിന കൺവെൻഷൻ |
| 05 | ഞായർ | - താമരശ്ശേരി രൂപതാ വൈദികരുടെ ധ്യാനം (05-09) |
| 10 | വെള്ളി | - ഏകദിന കൺവെൻഷൻ |
| 16 | വ്യാഴം | - അഖണ്ഡ ജപമാല സമർപ്പണാരംഭം |
| 17 | വെള്ളി | - ഏകദിന കൺവെൻഷൻ |
| 24 | വെള്ളി | - ഏകദിന കൺവെൻഷൻ, ജീവിതവിശുദ്ധീകരണ ധ്യാനം (24-27) |
| 25 | ശനി | - അഖണ്ഡ ജപമാല സമർപ്പണം 10ാം ദിവസം |
| 31 | വെള്ളി | - ഏകദിന കൺവെൻഷൻ |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം



# കരിസ്മാറ്റിക് മൂവ്മെന്റ്

## സബ് സോൺ സന്ദർശനം

ജൂൺ 9 ചൊവ്വാഴ്ച രാവിലെ തോട്ടുമുക്കം സബ് സോൺ സന്ദർശനം പുഷ്പഗിരി ഇടവകയിൽ വച്ചും, ഉച്ചകഴിഞ്ഞ് 3:00 മണിക്ക് കോടഞ്ചേരി സബ് സോൺ സന്ദർശനം കോടഞ്ചേരി ഇടവകയിൽ വച്ചും, പത്താം തീയതി ബുധനാഴ്ച 10. 30 ന് തിരുവമ്പാടി സബ് സോൺ സന്ദർശനം ആനക്കാംപൊയിൽ പള്ളിയിൽ വെച്ചും, പന്ത്രണ്ടാം തീയതി വെള്ളിയാഴ്ച രാവിലെ 10 30 ന് കൂരാച്ചുണ്ട് സബ് സോൺ സന്ദർശനം കൂരാച്ചുണ്ട് പള്ളിയിൽ വെച്ചും, ഉച്ചകഴിഞ്ഞ് 3 മണിക്ക് താമരശ്ശേരി സബ്സോൺ സന്ദർശനം താമരശ്ശേരി കത്തീഡ്രൽ പള്ളിയിൽ വെച്ചും, പതിമൂന്നാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സിറ്റി സബ്സോൺ സന്ദർശനം പറോപ്പടി ഇടവകയിൽ വച്ചും, 16-ാം തീയതി 10.30 ന് വിലങ്ങാട് സബ്സോൺ സന്ദർശനം വിലങ്ങാട് ഇടവകയിൽ വച്ചും, ഉച്ചകഴിഞ്ഞ് 2.30ന് മരുതോങ്കര സബ് സോൺ സന്ദർശനം കുണ്ടുതോട് ഇടവകയിൽ വച്ചും നടത്തി.

## ജപമാലയും സ്തുതി ആരാധനയും

സോണൽ ആനിമേറ്റർ ഫാ. മിൽട്ടൻ മുളങ്ങാശ്ശേരി അനുഗ്രഹ പ്രഭാഷണം നടത്തി. ഷാജു കാഞ്ഞിരത്തിങ്കൽ (സോണൽ കോഡിനേറ്റർ), ബെന്നിച്ചൻ കറുകമാലിൽ (സെക്രട്ടറി), ജോസ് വടക്കേൽ (ട്രഷറർ) എന്നിവർ പ്രസംഗിച്ചു. സബ്സോൺ കോഡിനേറ്റർമാർ സംഗമത്തിന് നേതൃത്വം നൽകി.

## മധ്യസ്ഥപ്രാർഥന

ജൂൺ മാസത്തിലെ സോണൽ മധ്യസ്ഥ പ്രാർഥന താമരശ്ശേരി ചാവറ കോൺവെൻറ് ചാപ്പലിൽ നടത്തി.

**ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്



# കരുണാഭവൻ

കരുണാഭവനിൽ ഈശോയുടെ തിരുഹൃദയ തിരുനാൾ ആചരിച്ചു. ഒരു വ്യക്തികൂടി ഭവനത്തിലേക്ക് കടന്നുവന്നു. SD സന്യാസ സമൂഹത്തിന്റെ നൂറാം സ്ഥാപന വർഷത്തോടനുബന്ധിച്ചു നടത്തുന്ന 'സിനഡാലിറ്റി' എന്ന പരിപാടിയുടെ ഭാഗമായിപ്രൊവിൻഷൽ ഹൗസിൽ നിന്നുള്ളവരുടെ സന്ദർശനം അവിസ്മരണീയമായിരുന്നു. കരുണാ ഭവനിലെ അഞ്ച് മാസത്തെ ശുശ്രൂഷകൾക്കുശേഷം ഉന്നത പഠനത്തിനായി പോകുന്ന സി. ഗ്രേസ് മരിയക്ക് യാത്രയയപ്പ് നൽകി.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# മദ്യ-ലഹരി വിമുക്ത സമിതി

### എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

താമരശ്ശേരി രൂപതാ ഓഫീസിൽ വെച്ച് ജൂൺ 20 ന് നടന്ന യോഗം, രൂപത ഡയറക്ടർ ഫാ. ജിന്റോ മച്ചുകുഴിയിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട് ശ്രീ. കുര്യൻ ചെമ്പനാനി അധ്യക്ഷത വഹിച്ചു.

### മദ്യ, ലഹരിവിരുദ്ധ സമിതി - പ്രവർത്തക സമിതി യോഗം

മാർ റെമിജിയോസ് ഇഞ്ചനാനിയിൽ മദ്യ-ലഹരി വിരുദ്ധസമിതിയുടെ പ്രവർത്തകസമിതി യോഗം ജൂൺ 18 ന് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജിന്റോ മച്ചുകുഴിയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, മറ്റ് ഭാരവാഹികൾ, റിസോഴ്സ് ടീം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**ഫാ. അഗസ്റ്റിൻ മച്ചുകുഴി**
ഡയറക്ടർ, മദ്യ-ലഹരി വിമുക്ത സമിതി

# ബൈബിൾ അപ്പസ്തോലേറ്റ്

ലോഗോസ് ക്വിസ് 2025 രൂപതാതല വിജയികൾക്കുള്ള സമ്മാനദാനം മെയ് 30 ന് പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ വെച്ച് എമ്മാവൂസ് മീറ്റിന്റെ ഭാഗമായി നടക്കുകയുണ്ടായി. ഉച്ചകഴിഞ്ഞ് 2 മണിക്ക് നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവാണ് സമ്മാനദാനം നിർവഹിച്ചത്.

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ DAILY BREAD 2026 എന്ന പേരിൽ 2026 ജനുവരി 01 ന് ആരംഭിച്ച വാട്സ്ആപ്പ് കൂട്ടായ്മയിൽ നാളിതുവരെ 329 പേർ അംഗങ്ങായിട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ കൃത്യമായി അംഗങ്ങളെ അറിയിക്കുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ ഉതകുന്ന വിധത്തിലുള്ള ഒരു ദൈവവചന പോസ്റ്ററും പങ്കുവയ്ക്കുകയും ചെയ്യുന്നു. പഴയനിയമത്തിൽ നിന്നുള്ള വായനയാണ് നിലവിൽ നടക്കുന്നത്. ആറ് മാസങ്ങൾ പിന്നിടുമ്പോൾ ബൈബിളിലെ 22 പുസ്തകങ്ങൾ (ജോബ് വരെ) വായിച്ചു കഴിഞ്ഞു.

### ലോഗോസ് ക്വിസ് 2026

ലോഗോസ് ക്വിസ് 2026 രജിസ്ട്രേഷൻ ജൂൺ 01 ന് ആരംഭിച്ചു. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ:

1. ലോഗോസ് ക്വിസ് 2026 രജിസ്ട്രേഷൻ *2026 ജൂൺ 01 ന് ആരംഭിച്ച് ജൂലൈ 31 ന് അവസാനിക്കുന്നതാണ്.

2. രജിസ്റ്റർ ചെയ്യുമ്പോൾ പരീക്ഷ എഴുതുന്നയാളുടെ ഔദ്യോഗിക നാമം (സ്കൂൾ രജിസ്റ്ററിലെ പേര്/ ആധാർ കാർഡിലെ പേര്) ആണ് നൽകേണ്ടത്. പേര് രജിസ്റ്റർ ചെയ്യുന്നവർ ഒരു പേര് നൽകുകയും പരീക്ഷ എഴുതുന്നവർ വേറൊരു പേര് എഴു

തുകയും ചെയ്യുന്ന അവസ്ഥ പലപ്പോഴും ഉണ്ടായിട്ടുണ്ട്. അത് ഒഴിവാക്കാനാണ് ഇപ്രകാരം ചെയ്യുന്നത്.

3. പ്രായവിഭാഗം അനുസരിച്ച് 6 കാറ്റഗറി ആയി തിരിച്ചിട്ടുണ്ട്. ജനന തിയ്യതി അനുസരിച്ച് കൃത്യമായ പ്രായവിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

A കാറ്റഗറി - 1.1.2015 നും അതിനുശേഷവും ജനിച്ചവർ
B കാറ്റഗറി - 1.1.2010 നും 31.12.2014നും ഇടയ്ക്ക് ജനിച്ചവർ
C കാറ്റഗറി - 1.1.1995നും 31.12.2009 നും ഇടയ്ക്ക് ജനിച്ചവർ
D കാറ്റഗറി - 1.1.1975നും 31.12.1994നും ഇടയ്ക്ക് ജനിച്ചവർ
E കാറ്റഗറി - 1.1.1962 നും 31.12.1974 നും ഇടയ്ക്ക് ജനിച്ചവർ
F കാറ്റഗറി - 31.12.1961നും അതിനുമുമ്പും ജനിച്ചവർ

4. രജിസ്ട്രേഷൻ ഫീസ് 20/ രൂപ ആണ്.

താഴെ കൊടുക്കുന്ന ബാങ്ക് അക്കൗണ്ടിൽ തുക അടയ്ക്കേണ്ടതാണ്: Account Holder: Director Bible Apostolate ; Account Number: 003805300001 2418 ; IFSC Code: SIBL0000428 ; South Indian Bank, Thamarassery. ഫീസ് അടച്ചശേഷം cash deposit slip AsÃ¦n-Â- google pay screenshot താഴെ കാണുന്ന നമ്പറിലേയ്ക്ക് അയയ്ക്കേണ്ടതാണ്: 8606062621

5. പരീക്ഷ എഴുതുന്ന ഭാഷ (ഇംഗ്ലീഷ് / മലയാളം) കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

6. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് താഴെപ്പറയുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്തേണ്ടതാണ്: Name of Centre, Name and House Name of Candidate, Age Category, Language

7. രജിസ്ട്രേഷൻ പൂർത്തിയായ ഉടൻ തന്നെ പേര് രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ അടങ്ങുന്ന പേജ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് വയ്ക്കേണ്ടതാണ്. ആവശ്യമെങ്കിൽ പകർപ്പ് പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതുമാണ്.

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# കുടുംബകൂട്ടായ്മ

## ജനറൽ ബോഡി മീറ്റിംഗ്

താമരശ്ശേരി രൂപത കുടുംബകൂട്ടായ്മയുടെ 2026 വർഷ ജനറൽ ബോഡി മീറ്റിംഗ് താമരശ്ശേരി ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ ജൂൺ 10 ന് നടന്നു. പ്രസ്തുത സമ്മേളനത്തിൽ കുടുംബകൂട്ടായ്മയുടെ 2026-27 വർഷ പ്രവർത്തന മാർഗ്ഗരേഖ Domus Dei ദൈവസാന്നിധ്യം നിറഞ്ഞ ഭവനങ്ങൾ പ്രകാശനം താമരശ്ശേരി രൂപത മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. മീറ്റിംഗിൽ കുടുംബ കൂട്ടായ്മ രൂപത പ്രസിഡന്റ് ശ്രീ. പ്രകാശ് മാത്യു പുളിക്കേക്കര അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജിനോയ് പനക്കൽ, രൂപതവൈസ്പ്രസിഡന്റ് സെബാസ്റ്റ്യൻ ളാമണ്ണിൽ, സെക്രട്ടറി മേരിക്കുട്ടി സെബാസ്റ്റ്യൻ ഇടക്കര, ട്രഷറർ സെബാസ്റ്റ്യൻ വാമറ്റത്തിൽ എന്നിവർ പ്രസംഗിച്ചു. വചനവെയിൽ ബൈബിൾ വചന മത്സരത്തിൽ രൂപതാതല വിജയികൾക്കുള്ള സമ്മാനവും 2024-25 വർഷത്തിൽ മികച്ച പ്രവത്തനം കാഴ്ചവച്ച യൂണിറ്റ്കൾക്കുള്ള സമ്മാനവും വിതരണം ചെയ്തു. താമരശ്ശേരി രൂപതയിലെ വിവിധ ഇടവകളിൽനിന്നുള്ള പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്തു.

തിരുഹൃദയ മാസാചരണത്തിന്റെ ഭാഗമായി രൂപത തലത്തിൽ തിരുഹൃദയഗാനാലാപന മത്സരം കിന്നരം 2026 ജൂൺ 27 നു നടത്തപ്പെട്ടു.

## ജൂലൈ മാസത്തിലെ പ്രവർത്തനങ്ങൾ

ക്വിസ് മത്സരം ഓൺലൈൻ, ജൂലൈ, 24 വെള്ളിയാഴ്ച്ച 08.30 pm

## പുതിയ മേഖല ഡയറക്ടർമാർക്ക് സ്വാഗതം

താമരശ്ശേരി - ഫാ. തോമസ് ചിലമ്പിക്കുന്നേൽ
കോടഞ്ചേരി - ഫാ. ജോൺ ഒറവുങ്കര
പെരിന്തൽമണ്ണ - ഫാ. ജോസഫ് ചുണ്ടയിൽ

# മാതൃവേദി

### വണക്കമാസ വീഡിയോ നിർമ്മാണം

താമരശ്ശേരി രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ മാതാവിന്റെ വണക്കമാസം ഭക്തി പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിച്ച കുടുംബാധിഷ്ഠിത വീഡിയോ മത്സരത്തിൽ രൂപതയിലെ നിരവധി കുടുംബങ്ങൾ പങ്കെടുക്കുകയുണ്ടായി. മത്സരവിജയികൾ: Ist – പൂതംപാറ, IInd – വേനപ്പാറ, IIIrd – വലിയകൊല്ലി.

### CRESCITA

പോസ്റ്റർ നിർമ്മാണം, വീഡിയോ നിർമ്മാണം, എഡിറ്റിംഗ് തുടങ്ങിയ മേഖലകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകളെ പരിചയപ്പെടുത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും വേണ്ടി താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ നടന്ന crescita രൂപത മാതൃവേദി അംഗങ്ങൾക്ക് പഠിക്കാനും പ്രാവർത്തികമാക്കുവാനുമുള്ള അവസരമായി മാറി.

കഴിഞ്ഞ മാസം *വീത്ത മിയ* നടത്തിയ ഇടവകകൾ : വേനപ്പാറ, പുന്നക്കൽ, മഞ്ഞക്കടവ്, അശോകപുരം.

### പുതിയ മേഖല ഡയറക്ടർമാർ

| | | |
|---|---|---|
| മരുതോങ്കര | – | ഫാ. ജോസഫ് കുഴിക്കാട്ടുമ്യാലിൽ |
| കോടഞ്ചേരി | – | ഫാ. മാത്യു തിട്ടയിൽ |
| പാറോപ്പടി | – | ജോസഫ് താണ്ടാംപറമ്പിൽ |
| കൂരാച്ചുണ്ട് | – | ഫാ. ജെയ്സൺ കാരക്കുന്നേൽ |
| കരുവാരകുണ്ട് | – | ഫാ. ജോസഫ് പന്തപ്ലാക്കൽ |
| മരിയാപുരം | – | ഫാ. ജോസഫ് മുകളേപറമ്പിൽ |

**ഫാ. വർഗ്ഗീസ് പനയ്ക്കൽ**
ഡറക്ടർ, കുടുംബക്കൂട്ടായ്മ, മാതൃവേദി

# അൽഫോൻസ കോളേജ് തിരുവമ്പാടി

**നൂറ് ശതമാനം വിജയം നേടിയ വിദ്യാർത്ഥികൾക്ക് ആദരം**

2023-2026 ബാച്ചിലെ ആറാം സെമസ്റ്റർ പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ ബിബിഎ, ബിഎ ജേർണലിസം വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ ആദരിച്ചു.

**പാലിംപ്സെസ്റ്റ് ജേർണൽ പ്രകാശനവും ഡിജിറ്റൽ ലോഞ്ചിംഗും**

അൽഫോൻസാ കോളേജിലെ റിസർച്ച് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന പാലിംപ്സെസ്റ്റ്: ജേർണൽ ഓഫ് ഇന്റർഡിസിപ്ലിനറി സ്റ്റഡീസ് എന്ന അക്കാദമിക് ജേർണലിന്റെ പ്രഥമ ലക്ക പ്രകാശനവും ഡിജിറ്റൽ ലോഞ്ചിംഗും സംഘടിപ്പിച്ചു.

**പരിസ്ഥിതി ദിനാചരണം**

അൽഫോൻസാ കോളജിൽ ഗ്രീൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിസ്ഥിതി ദിനാചരണം രൂപത ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട് വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു.

**അൽഫോൻസാ കോളേജിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം**

Bridging Insights and Publication Skills for Professional Practice എന്ന വിഷയത്തിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു.

**യോഗ ദിനം**

അന്തർദേശീയ യോഗാ ദിനത്തോടനുബന്ധിച്ച് ജൂൺ 22 ന് എൻഎസ്എസ് യൂണിറ്റിൻെറയും തിരുവമ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ അൽഫോൻസാ കോളേജിൽ യോഗാ ദിനാചരണവും മെഡിക്കൽ ക്യാമ്പും നടത്തി.

**ഫാ. ആന്റണി കാരികുന്നേൽ**
അൽഫോൻസ കോളേജ്

# വിദ്യാഭ്യാസ രംഗം

## പ്രധാനധ്യാപക യോഗം

കോർപ്പറേറ്റ് സ്കൂളുകളിലെ പ്രധാനധ്യാപകരുടെ യോഗം 17.06.2026 ന് താമരശ്ശേരി രൂപത ഭവൻ ഓഡിറ്റോറിയത്തിൽ നടന്നു. അഭിവന്ദ്യ മാർ റെമിജീയോസ് ഇഞ്ചനാനിയിൽ പിതാവ് യോഗം ഉദ്ഘാടനം ചെയ്യുകയും പ്രധാനധ്യാപകരോട് സംവദിക്കുകയും ചെയ്തു. എസ്.എസ്.എൽ.സി., പ്ലസ് ടു., എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ ഉന്നതവിജയം നേടിയ സ്കൂളുകളിലെ പ്രധാനധ്യാപകരെയും അധ്യാപകരെയും അഭിവന്ദ്യ പിതാവ് പ്രത്യേകം അഭിനന്ദിച്ചു. സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ ഫാ. ജോസഫ് വർഗ്ഗീസ് പ്രധാനധ്യാപകർക്ക് നൽകി.

## നവീകരിച്ച സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം

ആധുനിക സൗകര്യങ്ങളോടെ മനോഹരമായി രൂപകല്പന ചെയ്ത് നവീകരിച്ച മഞ്ഞുവയൽ വിമല യൂ.പി. സ്കൂൾ, പടത്തുകടവ് ഹോളി ഫാമിലി ഹൈസ്കൂൾ എന്നിവയുടെ കെട്ടിടങ്ങൾ അഭിവന്ദ്യ മാർ റെമിജീയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ്, ബഹു. ലോക്കൽ മാനേജരച്ചന്മാർ, പ്രധാനധ്യാപകർ, ജനപ്രതിനിധികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി.

## ആദരാഞ്ജലികൾ

വേനപ്പാറ ലിറ്റിൽ ഫ്ളവർ യൂ.പി. സ്കൂളിൽ ദീർഘകാലം സഹധ്യാപികയായി സേവനം അനുഷ്ഠിച്ച് വിശ്രമജീവിതം നയിച്ചിരുന്ന സി. ത്രേസ്യാമ്മ ഏ.എം (സി. ട്രീസ എഫ്.സി.സി.) നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സിസ്റ്ററിനെ പ്രാർഥനാപൂർവ്വം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## Plus Two RESULT 2026

| SL. NO. | NAME OF SCHOOL | | SCIENCE No. Enrolled | SCIENCE No. Appeared | SCIENCE EHS | SCIENCE NHS | SCIENCE % | SCIENCE Full Mark | SCIENCE FULL A+ | COMMERCE No. Enrolled | COMMERCE No. Appeared | COMMERCE EHS | COMMERCE NHS | COMMERCE % | COMMERCE FULL A+ | HUMANITIES No. Enrolled | HUMANITIES No. Appeared | HUMANITIES EHS | HUMANITIES NHS | HUMANITIES % | HUMANITIES FULL A+ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | SM HSS KALLANODE | | 58 | 58 | 54 | 4 | 93.1% | | 6 | 32 | 32 | 28 | 4 | 88% | 1 | 37 | 37 | 29 | 8 | 78.4% | 1 |
| 2 | HFHSS KATTIPPARA | | 110 | 110 | 100 | 10 | 90.9% | | 13 | | | | | | | 55 | 55 | 43 | 12 | 78.2% | 2 |
| 3 | SJHSS KODENCHERY | | 119 | 119 | 102 | 17 | 85.7% | | 12 | 58 | 57 | 36 | 21 | 63.2% | 1 | 56 | 55 | 41 | 14 | 74.5% | 8 |
| 4 | SSHSS KOODARANJHI | 01 | 115 | 115 | 106 | 9 | 92.2% | | 11 | 55 | 55 | 39 | 16 | 70.9% | 1 | 59 | 59 | 33 | 26 | 55.9% | Nil |
| | | 05 | 56 | 56 | 41 | 15 | 73.2% | | 4 | | | | | | | | | | | | |
| 5 | STHSS KOORACHUNDU | | 59 | 58 | 56 | 2 | 96% | | 15 | 54 | 54 | 50 | 4 | 93% | 3 | | | | | | |
| 6 | SGHSS KULATHUVAYAL | | 120 | 120 | 106 | 14 | 88.3% | | 13 | 44 | 44 | 35 | 9 | 79.6% | 1 | 58 | 57 | 47 | 10 | 82.5% | Nil |
| 7 | SMHSS MARUTHONKARA | | 59 | 59 | 58 | 1 | 98.3% | | 11 | 57 | 57 | 39 | 18 | 68.4% | | 56 | 56 | 39 | 17 | 69.6% | Nil |
| 8 | HFHSS PADATHUKADAVU | | 60 | 60 | 59 | 1 | 98.3% | | 9 | 60 | 60 | 49 | 11 | 81.7% | 2 | | | | | | |
| 9 | SJHSS PULLURAMPARA | 01 | 60 | 60 | 58 | 2 | 96.6% | | 14 | 49 | 49 | 39 | 10 | 79.6% | 4 | 48 | 48 | 34 | 14 | 70.8% | 1 |
| | | 05 | 57 | 57 | 45 | 12 | 78.9% | | 5 | | | | | | | | | | | | |
| 10 | SHHSS THIRUVAMPADY | | 119 | 119 | 116 | 3 | 97.5% | | 25 | 57 | 57 | 42 | 15 | 74% | 9 | 55 | 54 | 43 | 11 | 80% | 2 |
| 11 | HFHSS VENAPPARA | | 58 | 58 | 56 | 2 | 96.5% | | 4 | 56 | 54 | 30 | 24 | 55.5% | Nil | | | | | | |
| 12 | STHSS THOTTUMUKKAM | | 52 | 52 | 48 | 4 | 92.3% | | 7 | | | | | | | 57 | 56 | 50 | 6 | 89.3% | 2 |
| | Total | | 1102 | 1101 | 1005 | 96 | 91.3% | 0 | 149 | 522 | 519 | 387 | 132 | 74.6% | 22 | 481 | 477 | 359 | 118 | 75.3% | 11 |

## Corporate Level Result at a Glance

| Subject | No. Appeared | EHS | NHS | % | FULL A+ |
|---|---|---|---|---|---|
| Science (Biology) | 989 | 919 | 69 | 92.9% | 140 |
| Science (Comp. Science) | 113 | 86 | 27 | 76.1% | 9 |
| Commerce | 519 | 387 | 132 | 74.6% | 22 |
| Humanities | 477 | 359 | 118 | 75.3% | 11 |

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

### ഹയർ സെക്കൻഡറി ബാച്ചുകൾ

STARTൽ 2026-28 അധ്യയന വർഷത്തേക്കുള്ള പ്രവേശനം തുടരുന്നു. +1 ലേക്ക് ഓരോ സ്ട്രീമിലും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ 30 പേർക്ക് മാത്രം പ്രവേശനം.

### പ്രൊഫഷണൽ ഫൗണ്ടേഷൻ ട്രെയിനിംഗ് (PFT)

+2 പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി ഒരു വർഷത്തെ സമഗ്ര പരിശീലന പരിപാടി. കരിയർ ദിശാബോധം, ആശയവിനിമയ ശേഷി, നേതൃഗുണം എന്നിവ വളർത്തിയെടുത്ത് ഉന്നത വിദ്യാഭ്യാസത്തിനും. കേന്ദ്ര സർവ്വകലാശാലകൾ, IIT, IIM, NIT തുടങ്ങിയ പ്രമുഖ ദേശീയ പ്രീമിയം ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പ്രവേശന പരീക്ഷകൾക്ക് വിദ്യാർത്ഥി കളെ പ്രാപ്തരാക്കുന്നു.

### AI & Python ട്രെയിനിംഗ്

Machine Learning, Data Science എന്നിവയുടെ അടിസ്ഥാനമായ Python Programming ൽ പ്രായോഗിക പരിശീലനം. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി എല്ലാ മാസവും പുതിയ ബാച്ചുകൾ- ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ: https://www.startindia.org/online

### മൾട്ടിപ്പിൾ ഇന്റലിജൻസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

6 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ വ്യത്യസ്ത ബുദ്ധിശക്തി കളും അഭിരുചികളും ശാസ്ത്രീയമായി കണ്ടെത്താൻ സഹായിക്കുന്ന ടെസ്റ്റ്. website: www.startindia.org Email: startcalicut22@gmail.com

Contact: 04952357843, 9037107843 (Office), 9744458111 (Director)

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കോഴ്സുകൾ

1 എംഎസ്സി ഇൻ കൗണ്സിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)

2 എം എസ് സി ഇൻ ഗൈഡൻസ് ആൻഡ് കൗണ്സിലിംഗ് (ഓൺ ലൈൻ)

## അറിയിപ്പ്

1. ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രവർത്തന സജ്ജമായ ഹോപ്പ് ലൈൻ എന്ന എമർജൻസി ഹെൽപ് ലൈൻ പ്രവർത്തിച്ചുവരുന്നു. രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 04953523636 നമ്പറിൽ ബന്ധപ്പെടുക.

## ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളും സംരംഭങ്ങളും

1. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2026-2028 ബാച്ച് (ഓണ്ലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്കായി ജൂൺ 20 മുതൽ ക്ലാസുകൾ ആരംഭിച്ചു.
2. മാനസികാരോഗ്യ ശുശ്രൂഷയുടെ ഭാഗമായി പ്രമോട്ടർമാർക്കുള്ള പരിശീലന പരിപാടി ജൂൺ 20ന് Pope John Paul Instituteൽ നടത്തി. നൂറോളം പേർ പരിശീലനത്തിൽ പങ്കാളികളായി.
3. സ്നേഹജ്വാല സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മുതിർന്ന പൗരൻമാർക്കായി മാനസികാരോഗ്യ ബോധവത്കരണ ക്ലാസ് കഴിഞ്ഞ ജൂൺ18 ന് പുൽപ്പള്ളിയിൽ സംഘടിപ്പിച്ചു.
4. കോടഞ്ചേരി സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായി പോസിറ്റീവ് പേരന്റിംഗ് സെമിനാർ ജൂൺ 21 ന് നടത്തി.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# വികസന വേദി

## കെസിബിസിയുടെ പ്രത്യേക പുരസ്കാരം

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ (KSSF) 45-ാമത് വാർഷിക ജനറൽ ബോഡി യോഗത്തിൽ, 2024-25 വർഷത്തെ മികച്ച വാർഷിക റിപ്പോർട്ടിനുള്ള കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ പ്രത്യേക പുരസ്കാരം താമരശ്ശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ സിഒഡിക്ക് ലഭിച്ചു. കോട്ടയം ആമോസ് സെന്ററിൽ നടന്ന ചടങ്ങിൽ കെസിബിസി ജെപിഡി കമ്മീഷൻ ചെയർമാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ നിന്ന് സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര പുരസ്കാരം ഏറ്റുവാങ്ങി.

## ജെ.എൽ.ജി ക്യാമ്പ്

കാനറ ബാങ്കിന്റെ വിവിധ ശാഖകളുമായി സഹകരിച്ച് വിവിധ ജിവിഎസുകളിൽ പുതിയ ജെ.എൽ.ജി (Joint Liability Group) വായ്പാ വിതരണവും വായ്പാ പുതുക്കൽ ക്യാമ്പുകളും നടന്നു. അടിവാരം, പൂനൂർ, താമരശ്ശേരി, തിരുവമ്പാടി എന്നീ കാനറ ബാങ്ക് ശാഖകളുടെ നേതൃത്വത്തിലാണ് ജെഎൽജി വിതരണ ക്യാമ്പുകൾ നടന്നത്. പുതുപ്പാടി, മരുതോങ്കര, വിലങ്ങാട്, ഓടക്കയം, പുല്ലൂരാംപാറ എന്നീ മേഖലകളിൽ നിലവിലുള്ള വായ്പകളുടെ പുതുക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു. സിഒഡി പ്രോഗ്രാം കോർഡിനേറ്റർ കെ.സി. ജോയ്, വിവിധ ഏരിയ ഓർഡിനേറ്റർമാർ എന്നിവർ ചേർന്ന് ക്യാമ്പുകളിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## എസ്.എച്ച്.ജി - ജിവിഎസ് വാർഷിക ഓഡിറ്റ്

സിഒഡിയുടെ വിവിധ സ്വയംസഹായ സംഘങ്ങളുടെയും (എസ്. എച്ച്.ജി), ഗ്രാമ വികസന സമിതികളുടെയും (ജിവിഎസ്) വാർഷിക

ഓഡിറ്റുകൾ ഏരിയ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

## സ്റ്റാഫ് എംപവർമെന്റ് ട്രെയിനിങ്

സിഒഡിയുടെയും അനുബന്ധ പ്രസ്ഥാനങ്ങളുടെയും സ്റ്റാഫുകൾക്കായി സ്റ്റാഫ് എംപവർമെൻറ് ട്രെയിനിങ് പ്രോഗ്രാമും പ്രതിമാസ സ്റ്റാഫ് മീറ്റിംഗും താമരശ്ശേരി അൽഫോൻസ ഹാളിൽ നടന്നു. ആദ്യ സെഷൻ രൂപത ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട് നയിച്ചു. തുടർന്ന് നടന്ന സ്റ്റാഫ് മീറ്റിംഗിൽ സിഒഡി പ്രസിഡന്റ് മോൺ. അബ്രാഹം വയലിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു. സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര പരിപാടികൾക്ക് നേതൃത്വം നൽകി. സ്റ്റാഫ് മീറ്റിംഗിന് ശേഷം പ്രോഗ്രാം കോർഡിനേറ്റർ കെ.സി. ജോയിയുടെ നേതൃത്വത്തിൽ ഏരിയ കോർഡിനേറ്റർമാരുടെ പ്രത്യേക യോഗവും നടന്നു.

## ജിവിഎസ് വാർഷികാഘോഷവും ജനറൽ ബോഡി യോഗവും

തിരുവമ്പാടി ജിവിഎസിന്റെ വാർഷികാഘോഷവും ജനറൽ ബോഡി യോഗവും ആനക്കാംപൊയിൽ സെന്റ് മേരീസ് പാരിഷ് ഹാളിൽ നടന്നു. ഏരിയ കോർഡിനേറ്റർ റെനി സാബുവിന്റെ നേതൃത്വത്തിൽ നടന്ന പരിപാടി, ജിവിഎസ് പ്രസിഡന്റ് മേരിക്കുട്ടി ദേവസ്യ അധ്യക്ഷത വഹിച്ചു, ഒന്നാം വാർഡ് മെമ്പർ മനോജ് വാഴേപറമ്പിൽ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ലീലാമ്മ ജോർജ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

## സ്കൂൾ കിറ്റ് വിതരണം

വിവിധ ജിവിഎസുകളുടെ നേതൃത്വത്തിൽ കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, മരുതോങ്കര, വിലങ്ങാട്, കോടഞ്ചേരി, പുതുപ്പാടി എന്നീ മേഖലകളിൽ എസ്എച്ച്ജി അംഗങ്ങളുടെ കുട്ടികൾക്കായി സ്കൂൾ കിറ്റ് വിതരണവും എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് മൊമെന്റോ വിതരണവും സംഘടിപ്പിച്ചു. വിവിധ മേഖലകളിൽ നടന്ന ചടങ്ങുകളിൽ സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർ കെസി ജോയ്, ജിവിഎസ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## PULSE: യുവ സംരംഭകത്വത്തിനായുള്ള നേതൃത്വം

ഏകദിന യുവ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, സ്വാഗതം ആശംസിച്ച ചടങ്ങ് വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ ഉദ്ഘാടനം ചെയ്തു. പ്രമുഖ സംരംഭകനും സ്റ്റാർട്ടപ്പ് കോച്ചുമായ അജയ് ബേസിൽ വർഗീസ്, കോർപ്പറേറ്റ് സ്ട്രാറ്റജിസ്റ്റ് നോയൽ സിറിയക് എന്നിവർ ക്ലാസുകൾ നയിച്ചു. പി.കെ. മാത്യു & കോ ചാർട്ടേഡ് അക്കൗണ്ടന്റ്സ്, കാമില്ലി ഡയമണ്ട് & ഗോൾഡ് എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത പാനൽ ചർച്ചയും സംഘടിപ്പിച്ചു. രൂപത ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട് ചർച്ചയ്ക്ക് നേതൃത്വം നൽകി. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രത്യേക ഇന്ററാക്ടീവ് സെഷനിൽ പങ്കെടുത്ത് യുവ സംരംഭകരെ അഭിസംബോധന ചെയ്തു.

## സേഫ് വിതിൻ: റീകണക്ട് വയനാട് ആൻഡ് വിലങ്ങാട്

*പരിസ്ഥിതി ദിനാചരണം :* കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ കേരള സോഷ്യൽ സർവീസ് ഫോറവും (കെഎസ്എസ്എഫ്), സിഒഡി താമരശ്ശേരിയും ചേർന്ന് നടപ്പാക്കുന്ന സേഫ് വിതിൻ: റീകണക്ട് വയനാട് ആൻഡ് വിലങ്ങാട് പദ്ധതിയുടെ ഭാഗമായി പുതുപ്പാടി, വിലങ്ങാട് മേഖലകളിൽ പരിസ്ഥിതി ദിനം ആചരിച്ചു.

*ഫോക്കസ്ഡ് ഗ്രൂപ്പ് ചർച്ച :* സേഫ് വിതിൻ പദ്ധതിയുടെ ഭാഗമായി പുതുപ്പാടി, വിലങ്ങാട് മേഖലകളിൽ ഫോക്കസ്ഡ് ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ചു.

## താമരശ്ശേരി താലൂക്ക് ഐ.എ.ജി യോഗം

താമരശ്ശേരി താലൂക്ക് തല ഇന്റർ ഏജൻസി ഗ്രൂപ്പ് (IAG) യോഗത്തിൽ സിഒഡി പ്രതിനിധികൾ പങ്കെടുത്തു. ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഏകോപനം, വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണം, മഴക്കാല മുന്നൊരുക്കങ്ങൾ എന്നിവ യോഗത്തിൽ ചർച്ച ചെയ്തു.

# ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### അഡ്മിഷൻ

കർണാടക നഴ്സിംഗ് അഡ്മിഷൻ സംബന്ധമായി വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കളക്ട് ചെയ്ത് കോളേജുകളിൽ എത്തിച്ചു.

2026-27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post BSc.), പാരാമെഡിക്കൽ, ഡിഗ്രി കോഴ്സുകൾ എന്നിവയിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. നഴ്സിംഗ് പഠനത്തിന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് സ്കോളർഷിപ്പോടുകൂടിയ പഠനം കർണാടക കോളേജുകളിൽ ലഭ്യമാക്കുന്നു.

വിവിധ കോഴ്സുകളിലേക്ക് അഡ്മിഷനുവേണ്ടി സീറ്റുകൾ ബുക്ക് ചെയ്യാൻ 9447929223 എന്ന നമ്പറിൽ വിളിക്കുക.

### ക്ലാസുകൾ

പുൽപള്ളി സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ടീച്ചേഴ്സിനായി 'MENTORA 2K26' എന്ന പേരിൽ ഒറിയന്റേഷൻ സെമിനാർ നടത്തപ്പെട്ടു. ക്ലാസുകൾ നയിച്ചത് എൽ ഡി എസ് ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, എൽ ഡി എസ് ട്രെയിനർ ശ്രീ. മാത്യു മേൽവെട്ടം എന്നിവരാണ്. 60 ഓളം ടീച്ചേഴ്സ് ഇതിൽ പങ്കാളികളായി.

### ഡി സി എൽ

പുതിയ അധ്യയന വർഷ പ്രവർത്തനങ്ങളുടെ ആരംഭത്തോടനുബന്ധിച്ച് എൽ ഡി എസ് ട്രെയിനർ മാത്യു മേൽവെട്ടം വിവിധ സ്കൂളുകളിൽ സന്ദർശനം നടത്തുകയും പ്രവർത്തനപദ്ധതികൾ അറിയിക്കുകയും ചെയ്തു.

# സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

### ബുക്കിംഗ് ആരംഭിച്ച തീർഥാടന യാത്രകൾ

*(A) യൂറോപ്പ് തീർത്ഥാടനം 2026 ഒക്ടോബർ 5:* മാർപാപ്പയെ നേരിൽ കാണാനുള്ള സുവർണാവസരം ഒരുക്കുന്ന യൂറോപ്പ് തീർത്ഥാടനം 2026 ഒക്ടോബർ 5 ന് പുറപ്പെടുന്നു. വത്തിക്കാൻ ഉൾപ്പെടെ പ്രധാന തീർത്ഥാടനകേന്ദ്രങ്ങൾ ഈ യാത്രയിൽ സന്ദർശിക്കുന്നുണ്ട്.

*(B) വിശുദ്ധനാട് തീർത്ഥാടനം 2026 ഒക്ടോബർ 4:* യേശുക്രിസ്തു ജനിച്ചു ജീവിച്ച വിശുദ്ധ നാടുകളിലൂടെ നടത്തുന്ന ആത്മീയ തീർത്ഥാടനം 2026 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ക്രമീകരിച്ചിരിക്കുന്നു.

*(C) ഗോവ യാത്ര 2026 ഒക്ടോബർ 16:* സെന്റ് ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം ദർശിക്കാൻ സാധിക്കുന്ന ഗോവ യാത്ര 2026 സെപ്റ്റംബർ 11 ന് പുറപ്പെടുന്നു. ആഗസ്റ്റ് മാസം അവസാനത്തോടെ ബുക്കിംഗ് കഴിയുന്നതാണ്.

*(D) മറ്റു യാത്രകൾ:* തീർത്ഥാടന യാത്രകൾക്ക് പുറമെ വിനോദ സഞ്ചാര ആത്മീയ അനുഭവം സമന്വയിപ്പിക്കുന്ന യാത്രകളും സംഘടിപ്പിക്കുന്നു: ഡൽഹി, ആഗ്ര, അമൃത്സർ യാത്ര, ദുബായ് യാത്ര, സിംഗപ്പൂർ, മലേഷ്യ യാത്ര, വിയറ്റ്നാം യാത്ര.

### ബുക്കിംഗ് നടപടിക്രമം

യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന വിവരങ്ങൾ അയച്ച് മുൻകൂർ ബുക്കിംഗ് നടത്താവുന്നതാണ്: യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ മുതലായവ നിർദേശിച്ചിരിക്കുന്ന ഔദ്യോഗിക നമ്പറിലേക്ക് മുകളിൽ പറയുന്ന വിവരങ്ങൾ അയയ്ക്കുക - PH: 9447008376.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ്

# ഇൻഫാം

### ഇൻഫാം ദേശീയ സമ്മേളനം

ജൂൺ മാസം നാലാം തീയതി കാഞ്ഞിരപ്പള്ളിയിൽ നടന്ന ദേശീയ മീറ്റിംഗിൽ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഈ യോഗത്തിൽ താമരശ്ശേരി യൂണിറ്റിന്റെ പ്രതിനിധികളും സജീവമായി പങ്കെടുത്തു.

### മാവിൻ തൈവിതരണം

ഇൻഫാം അംഗങ്ങൾക്കുള്ള മാവിൻ തൈ വിതരണം ഇൻഫാമിന്റെ ദേശീയ അധ്യക്ഷൻ മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപതയിലുള്ള ആനക്കാംപൊയിൽ, മൈലള്ളാംപാറ, നൂറാംതോട്, കുളത്തുവയൽ, നരിനട, വിളക്കാംതോട്, പശുക്കടവ്, ചെമ്പനോട, കോടഞ്ചേരി, ചെമ്പുകടവ് തുടങ്ങിയ ഭാഗങ്ങളിലുള്ള ഇൻഫാം അംഗങ്ങൾക്ക് മാവിൻ തൈ വിതരണം ചെയ്തു.

### അംഗത്വ കാർഡ് വിതരണം

ഇൻഫാം മെമ്പർഷിപ്പ് കാർഡുകളുടെ വിതരണം ആരംഭിച്ചു. പുതുതായി അംഗങ്ങളായവർക്ക് നൽകാനുള്ള കാർഡുകൾ ഓരോ ഇടവകകളിലും സന്ദർശനം നടത്തി വിതരണം നടത്തിവരുന്നു. ആനക്കാംപൊയിൽ, മൈലള്ളാംപാറ, നൂറാംതോട്, കുളത്തുവയൽ, നരിനട, വിളക്കാംതോട്, പശുക്കടവ്, ചെമ്പനോട, കോടഞ്ചേരി, ചെമ്പുകടവ് തുടങ്ങിയ ഇടവകകളിലാണ് പ്രവർത്തനം നടന്നത്. കക്കയം, കരിയാത്തുംപാറ, കല്ലാനോട്, തെയ്യപ്പാറ, കണ്ണോത്ത്, പുതുപ്പാടി, കല്ലുരുട്ടി, തിരുവമ്പാടി, പുല്ലൂരാംപാറ തുടങ്ങിയ ഇടവകകളിൽ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും മെമ്പർഷിപ്പ് കാർഡ്, മാവിൻ തൈ എന്നിവ വിതരണം നടത്തുകയും ചെയ്യുന്നതായിരിക്കും.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, ഇൻഫാം



# യേശുനിധി

2026 മെയ് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Karuvarakundu | 10,000.00 |
| 2 | Karuvarakundu | 10,000.00 |
| 3 | Kodanchery | 15,000.00 |
| 4 | Koorachundu | 10,000.00 |
| 5 | Narinada | 15,000.00 |
| 6 | Palloor | 10,000.00 |
| 7 | Vilakkamthode | 10,000.00 |

**Home**

| | | |
|---|---|---|
| 8 | Kannoth | 15,000.00 |
| 9 | Kariyathumpara | 15,000.00 |

**Marriage**

| | | |
|---|---|---|
| 10 | Kannoth | 20,000.00 |
| 11 | Muthukad | 20,000.00 |
| 12 | Thottumukkam | 20,000.00 |


**Medical**

| | | |
|---|---|---|
| 13 | Adackakundu | 15,000.00 |
| 14 | Balussery | 10,000.00 |
| 15 | Chundathumpoil | 12,000.00 |
| 16 | Kalkundu | 10,000.00 |
| 17 | Koodaranji | 10,000.00 |
| 18 | Koodaranji | 10,000.00 |
| 19 | Koodaranji | 10,000.00 |
| 20 | Mariapuram | 10,000.00 |
| 21 | Panamplave | 8,000.00 |
| 22 | Peruvannamuzhi | 10,000.00 |
| 23 | Poilomchal | 10,000.00 |
| 24 | Poilomchal | 10,000.00 |
| 25 | Thazhekode | 12,000.00 |

**Miscellaneous**

| | | |
|---|---|---|
| 26 | Karikandanpara | 20,000.00 |
| 27 | Kodanchery | 10,000.00 |
| 28 | Kodanchery | 15,000.00 |
| 29 | Valiyakolly | 12,000.00 |
| | **Total** | **3,64,000.00** |

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ



# അജപാലനകുറിപ്പുകൾ

**മെയ്**

26 രാവിലെ, പുതുപ്പാടി എസ് എഫ് എൻ സന്യാസിനി സമൂഹ ജനറലേറ്റ് കപ്പേളയിൽ, വി. ഫിലിപ്പ് നേരിയുടെ തിരുനാളിനോട നുബന്ധിച്ച്  വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

രാവിലെ, മാവൂർ ഇടവക ദൈവാലയത്തിൽ, ശ്രീ. ഫ്രാൻസിസ് ഇലവുത്തിങ്കലിന്റെ നവതി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ, പരേത നായ ജോർജ് ചെറുതൊടുകയിലിന്റെ മൃതസംസ്കാര ശുശ്രൂഷ കൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തി ൽ ബൈബിൾ നഴ്സറി മുതൽ നാലാം ക്ലാസ് വരെ വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി 'പേര ന്റ്സ് ഫോറം'  എന്ന പേരിൽ നടത്തിയ ഓൺലൈൻ ക്ലാസ്സിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

27 രാവിലെ, ചെലവൂർ സി.എസ്.ടി. പ്രവിശ്യാഭവനത്തിൽ, പരേത നായ ഫാ. തോമസ് ചാത്തനാട് സി. എസ്.ടി.യുടെ ഭൗതിക ദേഹത്തിൽ അന്തിമോപചാരമർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

രാവിലെ, കാക്കവയൽ ഇടവക ദൈവാലയത്തിൽ, ഒരു കുടും ബത്തിലെ നാലാമത്തെകുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി വിശുദ്ധ കുർബാന അർപ്പിച്ചു.

രാവിലെ, താമരശ്ശേരി രൂപതാ കേന്ദ്രത്തിൽ, താമരശ്ശേരി രൂപത യുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ ഡയ റക്ടർമാർ പങ്കെടുക്കുന്ന കോഡിനേഷൻ കമ്മിറ്റി മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം, വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി 'പേരന്റ്സ് ഫോറം' എന്ന പേരിൽ നടത്തിയ ഓൺലൈൻ ക്ലാസ്സിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

വൈകുന്നേരം, കെ.സി.ബി.സി. പബ്ലിക് അഫയേഴ്സ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

28 രാവിലെ, നടവയൽ ഹോളിക്രോസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ, ഒരു വിവാഹം ആശിർവദിച്ചു.

ഉച്ചകഴിഞ്ഞ്, കുണ്ടുതോട് അഗാപ്പെ പാരിഷ് ഹാളിൽ, ഒരു വിവാഹ വിരുന്നിൽ പങ്കെടുത്തു.

വൈകുന്നേരം, പാറോപ്പടി പാരിഷ് ഹാളിൽ, താമരശ്ശേരി രൂപതയിലെ സംരംഭകർക്കായി നടത്തിയ ഏകദിന പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സംരംഭകരുമായി സംവദിക്കുകയും ചെയ്തു.

വൈകുന്നേരം, വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പതിനൊന്നാം ക്ലാസ് മുതൽ പതിനഞ്ചാം ക്ലാസ് വരെ വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി 'പേരന്റ്സ് ഫോറം' എന്ന പേരിൽ നടത്തിയ ഓൺലൈൻ ക്ലാസ് പരിപാടിയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

29 രാവിലെ, മാർ ജോസഫ് പാംപ്ലാനി, മാർ ആൻഡ്രൂസ് താഴത്ത് എന്നിവരോടൊപ്പം ക്രൈസ്തവ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വി.ഡി. സതീശനുമായി സെക്രട്ടേറിയറ്റിൽ കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, ഷംഷാബാദ് അതിരൂപത സഹായമെത്രാൻ മാർ തോമസ് പാടിയത്ത് രൂപതാഭവൻ സന്ദർശിക്കുകയും താമസിക്കുകയും ചെയ്തു.

30 രാവിലെ, ദേവഗിരി ഇടവക ദൈവാലയത്തിൽ, ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി വിശുദ്ധ കുർബാന അർപ്പിച്ചു.

രാവിലെ, കൂരാച്ചുണ്ട് ഹയർസെക്കൻഡറി സ്കൂൾ ഹാളിൽ, താമരശ്ശേരി രൂപത ഇൻഫാമിന്റെ നേതൃത്വത്തിൽ ഇൻഫാം ഐ ഡി കാർഡ് വിതരണം, ഇൻഫാം വളം വിതരണം, സ്കൂൾ കിറ്റ് വിതരണം, ഭാഗ്യവർഷ സഹായ വിതരണം തുടങ്ങിയവ നടത്തി. തുടർന്ന്, വിത്ത് തേങ്ങ കയറ്റുമതി ഉദ്ഘാടനം നിർവഹിച്ചു.

ഉച്ചകഴിഞ്ഞ്, ബഥാനിയ നവീകരണ കേന്ദ്ര ഓഡിറ്റോറിയത്തിൽ, മതബോധന അധ്യാപകരുടെ സംഗമമായ 'എമ്മാവൂസ് മീറ്റ്' ഉദ്ഘാടനം ചെയ്തു. തുടർന്ന്, ജൂബിലേറിയൻസിനെ ആദരിക്കുകയും അവാർഡ് ദാനം നിർവഹിക്കുകയും ചെയ്തു.

31 തെയ്യപ്പാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

**ജൂൺ**

1 രാവിലെ, മലപ്പുറം സാന്തോം ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് പുതുതായി നിർമ്മിച്ച റോഡിന്റെ ഉദ്ഘാടനം നിർവഹിക്കുകയും സ്കൂളിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം സ്കൂൾ ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയും ചെയ്തു.

വൈകുന്നേരം, ചങ്ങനാശേരി രൂപതാ കേന്ദ്രത്തിൽ, വിശ്രമിച്ചു.

2 രാവിലെ, തക്കല രൂപത മുൻ വികാരി ജനറാൾ പരേതനായ ഫാ. തോമസ് പവ്വത്തുപറമ്പിലിന്റെ കൂരോപ്പടയിലുള്ള ഭവനത്തിൽ ചെന്ന് ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

രാവിലെ, ചങ്ങനാശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ നടത്തിയ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 101-ാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന്, കല്ലറയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

4 എറണാകുളം പി. ഒ. സി. യിൽ വെച്ചു നടന്ന കെ. സി. ബി. സി. യോഗത്തിൽ പങ്കെടുത്തു.

വൈകുന്നേരം, കാഞ്ഞിരപ്പള്ളി മലനാട് ഓഡിറ്റോറിയത്തിൽ, ഇൻഫാം ദേശീയ എക്സിക്യുട്ടീവ് യോഗത്തിൽ പങ്കെടുത്തു. തുടർന്ന്, ഇൻഫാം പഞ്ചവത്സര പദ്ധതിയായ 'പുനർജ്ജീവനി' ഒന്നാം വർഷ ഉദ്ഘാടനം ഫ്ളാഗ് ഓഫ് ചെയ്ത് നിർവഹിച്ചു.

5 രാവിലെ, കാഞ്ഞിരപ്പള്ളിയിൽ ഇൻഫാം ദേശീയ ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു.

വൈകുന്നേരം, പൊടിമറ്റം സെന്റ് മേരീസ് പാരിഷ് ഹാളിൽ, ഇൻഫാം ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ പരിപാടിയിൽ മാർ ജോൺ നെല്ലിക്കുന്നിൽ പിതാവിന് ഒപ്പം പങ്കെടുക്കുകയും 'വിത്തുകൊട്ട' വിതരണം നിർവഹിക്കുകയും ചെയ്തു.

6 രാവിലെ, വേനപ്പാറയിൽ, CAMP സൈക്കോ കൗൺസിലിംഗ് തെറാപ്പി സെന്ററിന്റെ കെട്ടിടം വെഞ്ചിരിച്ചു.

രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഒരു വിവാഹ മനസമ്മതത്തിന് കാർമികത്വം വഹിച്ചു.

ഉച്ചയ്ക്ക്, താമരശ്ശേരി ജോൺപോൾ II ഓഡിറ്റോറിയത്തിൽ, താമരശ്ശേരി രൂപതയിലെ സന്യാസിനികളുടെ കൂട്ടായ്മയായ എഫ്. എസ്. ടി.യുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം, മങ്കട - വലമ്പൂർ അജപാലന സന്ദർശനത്തിന്റെ ഭാഗമായി, രോഗികളായി ഭവനത്തിൽ കഴിയുന്ന ഇടവകാംഗങ്ങളെ സന്ദർശിച്ചു. തുടർന്ന് വലമ്പൂർ വൈദിക മന്ദിരത്തിൽ വിശ്രമിച്ചു.

7 രാവിലെ, വലമ്പൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, മങ്കട ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

9 രാവിലെ, രൂപതാ കേന്ദ്രത്തിൽ നടന്ന ആൽഫ മരിയ അക്കാദമി ട്രസ്റ്റ് മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു.

ഉച്ചയ്ക്ക്, പുല്ലാഞ്ഞിമേട് ഒയാസിസിൽ നടന്ന ഒയാസിസ് ട്രസ്റ്റ് മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം, രൂപതാ കേന്ദ്രത്തിൽ നടന്ന സെന്റ് ജോസഫ് ഓർഫനേജ് ട്രസ്റ്റ് മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു.

10 രാവിലെ, ഈങ്ങാപ്പുഴ പ്രസന്റേഷൻ സന്യാസിനി സമൂഹ പരിശീലന കേന്ദ്ര കപ്പേളയിൽ, പുതുതായി കടന്നുവന്ന ഒന്നാം വർഷ നോവിസസിനും തുടർ പരിശീലനത്തിനായി പോകുന്ന രണ്ടാം വർഷക്കാർക്കും വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

രാവിലെ, താമരശ്ശേരി ജോൺപോൾ II ഓഡിറ്റോറിയത്തിൽ നടന്ന താമരശ്ശേരി രൂപത കുടുംബ കൂട്ടായ്മയുടെ ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം, തലയാട് അജപാലന സന്ദർശനത്തിന്റെ ഭാഗമായി, രോഗികളായി ഭവനത്തിൽ കഴിയുന്ന ഇടവകാംഗങ്ങളെ സന്ദർശിച്ചു.

11 രാവിലെ, ബഹു. മാത്യു ചെറുവേലിൽ അച്ചന്റെ പിതാവ് പരേതനായ അബ്രഹാം ചെറുവേലിലിന്റെ 41-ാം ചരമ ദിനത്തോടനുബന്ധിച്ച് മഞ്ഞുവയൽ ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു.

രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 32-ാം ചരമ വാർഷികത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനക്ക് മുഖ്യകാർമികത്വം വഹിക്കുകയും തുടർന്ന് പിതാവിന്റെ കല്ലറയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

വൈകുന്നേരം, കുപ്പായക്കോട് ഇടവകയിൽ, ബഹു. ആന്റോ മൂലയിൽ അച്ചന്റെ മാതാവ്, പരേതയായ ഏലി ജോണിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിലും ഇടവക ദൈവാലയത്തിലും മുഖ്യകാർമികത്വം വഹിച്ചു.

12 രാവിലെ, മേരിക്കുന്ന് തിരുഹൃദയ സന്യാസിനി സമൂഹ പ്രവശ്യാഭവന കപ്പേളയിൽ, തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

രാവിലെ, മേരിക്കുന്ന് പി. എം. ഒ. സി. യിൽ, പ്രീകാനാ കോഴ്സിൽ സംബന്ധിക്കുന്നവർക്കായി ക്ലാസ് എടുത്തു.

രാവിലെ, കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ചികിത്സയിൽ ആയിരുന്ന ബഹു. ബെന്നി കാരക്കാട്ട് അച്ചന്റെ മാതാവിനെ സന്ദർശിച്ചു.

ഉച്ചയ്ക്ക്, തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് രൂപതാ കേന്ദ്രം വെഞ്ചരിച്ചു. തുടർന്ന്, രൂപത കേന്ദ്രത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന അൽഫോൻസാ ഭവനും വെഞ്ചരിച്ചു.

ഉച്ചയ്ക്ക്, ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി. യെ രൂപതാ ഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, ഈരൂട് വിയാനി വൈദിക ഭവനത്തിൽ, തിരുഹൃദയ തിരുന്നാളിനോടനുബന്ധിച്ച് വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

13 രാവിലെ, ആരാധന സന്യാസിനി സമൂഹ താമരശ്ശേരി പ്രവശ്യ ഭവനിൽ, പ്രവശ്യാദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

രാവിലെ, താമരശ്ശേരി ജോൺ പോൾ II ഓഡിറ്റോറിയത്തിൽ, താമരശ്ശേരി രൂപതയുടെ പതിമൂന്നാമത് പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തുടർന്ന്, ബഹു. ജെയിംസ് കുഴിമറ്റത്തിൽ അച്ചൻ രചിച്ച 'ദി കൺസപ്റ്റ് ഓഫ് എഫക്റ്റീവ് മാനേജ്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ഇൻ ഓർഗനൈസേഷൻസ് അക്കോഡിങ് ടു ജെയിംസ് ഇ. ഗ്രൂനിക്' എന്ന പുസ്തകവും ബഹു. സെബാസ്റ്റ്യൻ കാവളക്കാട്ട് അച്ചൻ രചിച്ച 'പിളർക്കപ്പെട്ട പാർശ്വം കൃപയുടെ നീർച്ചാൽ' എന്ന പുസ്തകവും, ബഹു. സെബാസ്റ്റ്യൻ കിഴക്കയിൽ അച്ചൻ രചിച്ച 'ഹീബ്രു ആൻഡ് കാത്തലിക് എപ്പിസൽസ്', 'അണ്ടർസ്റ്റാന്റിംങ് ദ ബുക്ക് ഓഫ് പ്രോവെർബ്സ്' എന്നീ പുസ്തകങ്ങളും പ്രകാശനം ചെയ്തു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി എം. എം. പി. സി. ഹാളിൽ, എയ്ഡർ എഡ്യൂകെയറിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു.

14 കോട്ടക്കൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

15 രാവിലെ, അൽഫോൻസാ മൈനർ സെമിനാരിയിലേക്ക് പുതുതായി കടന്നുവന്ന വൈദിക വിദ്യാർഥികൾക്കായി സെമിനാരി കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

രാവിലെ, ചാപ്പൻതോട്ടം ഇടവക ദേവാലയത്തിൽ, പരേതനായ സെബാസ്റ്റ്യൻ കരിമാക്കിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തിയ തിയോളജി കോഴ്സിന്റെ ഓൺലൈൻ വാലിഡിക്ടറി സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

16 രാവിലെ, രൂപതാ കേന്ദ്രത്തിൽ നടന്ന ഫൊറോനാ വികാരിമാരുടെ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ്, മഞ്ഞുവയൽ വിമല യു. പി. സ്കൂളിന്റെ നവീകരിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യുകയും വെഞ്ചരിക്കുകയും, തുടർന്ന് നടന്ന സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു സംസാരിക്കുകയും ചെയ്തു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി ജനറലേറ്റിൽ, പരിശുദ്ധ പിതാവ് ലെയോ പതിനാലാമന്റെ പുതിയ ചാക്രിക ലേഖനമായ 'മാഗ്നിഫിക്ക ഹുമാനിത്താസി'നെ ആസ്പദമാക്കി സന്യാസിനികൾക്കായി ക്ലാസ് എടുത്തു.

17 രാവിലെ, താമരശ്ശേരി ജോൺപോൾ II ഓഡിറ്റോറിയത്തിൽ, താമരശ്ശേരി കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പ്രധാന അധ്യാപകരുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ അസിസ്റ്റന്റ് വികാരിമാരായി സേവനം ചെയ്യുന്ന രൂപത വൈദികരുമായി കൂടിക്കാഴ്ച നടത്തി.

18 താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ പുതുതായി ആക്ടിംഗ് വികാരിമാരായ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തി.

19 രാവിലെ, പടത്തുകടവ് ഹോളി ഫാമിലി ഹൈസ്കൂളിന്റെ നവീകരിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യുകയും വെഞ്ചരിക്കുകയും, തുടർന്ന് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങിന് അധ്യക്ഷത വഹിച്ച് സംസാരിക്കുകയും ചെയ്തു.

വൈകുന്നേരം, ബഥാനിയ നവീകരണ കേന്ദ്രത്തിൽ, ഏകദിന കൺവെൻഷനിൽ സംബന്ധിക്കുന്നവർക്കായി വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

20 രാവിലെ, വെഴുപ്പൂർ എം. എസ്. ടി. ഭവനത്തിൽ കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മേഖല, യൂണിറ്റ് ആനിമേറ്റർമാരുടെ സംഗമത്തിൽ സംബന്ധിച്ചവർക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, കേരള സർക്കാരിന്റെ ലഹരി നിർമ്മാർജ്ജന ക്യാമ്പയിനായ 'ഓപ്പറേഷൻ തൂഫാനി'ന്റെ ഭാഗമായി ബഹു. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. എം കെ രാഘവൻ എംപി, ശ്രീ. സൂരജ് എംഎൽഎ, ശ്രീ. പ്രവീൺ കുമാർ എംഎൽഎ എന്നിവരോടൊപ്പം രൂപത കേന്ദ്രം സന്ദർശിക്കുകയും മാർ റെമീജിയോസ് പിതാവിനെ തൂഫാൻ വാരിയറായി പ്രഖ്യാപിക്കുകയും ചെയ്തു.

21 മാവൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, മലാപ്പറമ്പ് ക്രൈസ്റ്റ് ഹാളിൽ, പരേതനായ ഫാ. എബ്രഹാം പള്ളിവാതുക്കൽ എസ്. ജെ. യുടെ ഭൗതിക ദേഹത്തിൽ അന്തിമോപചാരമർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

23 രാവിലെ, പുല്ലാഞ്ഞിമേട് സനാതന മേജർ സെമിനാരി ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

രാവിലെ, കോരങ്ങാട് അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പുതുതായി നിർമ്മിച്ച ബിഷപ്പ് മങ്കുഴിക്കരി ഓഡിറ്റോറിയം വെഞ്ചരിക്കുകയും തുടർന്ന് സ്കൂൾ ഓപ്പൺ ഓഡിറ്റോറിയത്തിൽ നടന്ന അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു അവാർഡ് വിതരണം നടത്തുകയും ചെയ്തു.

24 രാവിലെ, താമരശ്ശേരി രൂപതാ ഭവൻ കോൺഫ്രൻസ് ഹാളിൽ, താമരശ്ശേരി രൂപതയുടെ പതിമൂന്നാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ രണ്ടാം യോഗത്തിന് അധ്യക്ഷത വഹിച്ചു സംസാരിച്ചു.

വൈകുന്നേരം, പരേതനായ മുതിരക്കാലായിൽ സെബാസ്റ്റ്യന്റെ ഭവനം സന്ദർശിച്ച് പരേതനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

വൈകുന്നേരം, പിഎംഒസി യിൽ നടന്ന അൽഫോൻസിയൻ മീഡിയ ട്രസ്റ്റ് മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം, പിഎംഒസി യിൽ നടന്ന ഹോമേജ് ട്രസ്റ്റ് മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു.

25 രാവിലെ, അൽഫോൻസ മൈനർ സെമിനാരി ചാപ്പലിൽ വൈദിക വിദ്യാർത്ഥികൾക്കായി വി. കുർബാന അർപ്പിക്കുകയും തുടർന്ന്, വിദ്യാർത്ഥികൾക്കായി ക്ലാസ് എടുക്കുകയും ചെയ്തു.

THAMARAMOTTUKAL
Registered with Registrar of Newspapers of India
RN No. 71212/99 - Date of Publication 30.06.2026

# ഭരണങ്ങാനം തീർഥാടനം



21 ജൂലൈ 2026
@11.30 am

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor,
Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673573.
Printed at Alphonsa Offset Press, Near Cathedral Thamarassery, Published at Thamarassery,
Editor: Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 28, Issue 07, July 2026, Pages 84